# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

ഏപ്രിൽ 2024 | വാല്യം 51 ലക്കം 1 | പേജ് 12 | വില 10.00 രൂപ

UNITY Monthly | April 2024 | Volume 51 Issue 1 | Chief Editor: JAISON JOSEPH | Page 12 | Price Rs. 10.00




# സഖാവ് വി.വേണുഗോപാലിന് ലാൽസലാം

**എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ് ബ്യൂറോ അംഗവും മുൻ സംസ്ഥാന സെക്രട്ടറിയുമായ സഖാവ് വി.വേണുഗോപാൽ 2024 മാർച്ച് 30, രാത്രി 9.30ന് വിട പറഞ്ഞു. പാർട്ടിയുടെയും വിപ്ലവത്തിന്റെയും താൽപര്യത്തിനുവേണ്ടി അടിമുടി ചിട്ടപ്പെടുത്തിയ ഒരു ജീവിതമായിരുന്നു സഖാവ് വി.വേണുഗോപാലിന്റേത്. അദ്ദേഹം സമൂഹത്തിനുവേണ്ടി ജീവിച്ചു; സമൂഹത്തിനുവേണ്ടി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തു.**

ഏതാണ്ട് ഒമ്പത് വർഷത്തിലധികമായി സഖാവ് വേണുഗോപാൽ പാർക്കിൻസൺസ് രോഗത്തിന്റെ അവശതകളുടെ പിടിയിലായിരുന്നു. കഴിഞ്ഞ രണ്ടരവർഷമായി പൂർണമായും ശയ്യാവലംബിയായി അമ്പലപ്പുഴ സൂര്യ ഹോസ്പിറ്റലിൽ വിശ്രമത്തിലുമായിരുന്നു. സഖാവ് വേണുഗോപാലിന്റെ ചികിൽസക്കായി നാലംഗ മെഡിക്കൽ സബ്കമ്മിറ്റിയെയും പരിചരണത്തിനായി 37 അംഗങ്ങളുള്ള വോളന്റിയർ സംഘത്തെയും പുറമെ പ്രഗത്ഭനായ ഒരു നേഴ്സിനെയും പാർട്ടി സംസ്ഥാനക്കമ്മിറ്റി നിയോഗിച്ചിരുന്നു. പരിമിതമെങ്കിലും പൂർവ്വസ്ഥിതിയിലേക്ക് മടങ്ങിവരാനുള്ള സാധ്യതയിൽ പ്രതീക്ഷയർപ്പിച്ചുകൊണ്ട് സഖാക്കൾ വിശ്രമരഹിതമായി നടത്തിയ പരിചരണം, ഭേദപ്പെട്ട ആരോഗ്യനില കൈവരിക്കാൻ പ്രാപ്തമാക്കിയെങ്കിലും മാർച്ച് 30ന് അദ്ദേഹം മരണത്തിന് കീഴടങ്ങി.

അഞ്ചുപതിറ്റാണ്ട് നീണ്ട അചഞ്ചല വിപ്ലവജീവിതത്തിനാണ് മാർച്ച് 30ന് തിരശ്ശീല വീണത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വിദ്യാർത്ഥിയായിരിക്കെയാണ് 1975ൽ വി.വേണുഗോപാൽ, സഖാവ് ശിബ്ദാസ് ഘോഷിന്റെ ചിന്തകളുമായി ബന്ധപ്പെടുന്നത്. വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ അദ്ദേഹം എസ്‌യു

(ശേഷം 2–ാം പേജിൽ)

# അചഞ്ചല വിപ്ലവ ജീവിതത്തിന്റെ അഞ്ച് പതിറ്റാണ്ട്

## സഖാവ് വി.വേണുഗോപാലിന് ലാൽസലാം

*(1–ാം പേജിൽ നിന്ന്)*

സിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ മുഴവൻസമയ പ്രവർത്തകനായി മാറി. അതിനുശേഷം മരണംവരെ ഒരു സന്ദർഭത്തിലും സഖാവ് വേണുഗോപാൽ വിപ്ലവജീവിത ലക്ഷ്യത്തിൽ പതറുന്നതായി നാം കണ്ടിട്ടില്ല. പാർട്ടി സംഘാടനത്തിന്റെ പ്രാരംഭ നാളുകളിൽ അഭിമുഖീകരിച്ച പ്രതിസന്ധികളും ക്ലേശങ്ങളും ആരെയും ഉലയ്ക്കുന്നതായിരുന്നു. അദ്ധ്യാപകദമ്പതികളുടെ മകനായി ഇടത്തരം കുടുംബത്തിൽ പിറന്ന അദ്ദേഹമുൾപ്പടെയുള്ള ആദ്യകാലപ്രവർത്തകർ ദിവസങ്ങളോളം പട്ടിണി കിടന്നു. വളരെ പ്രതികൂലമായിരുന്ന ആ ഘട്ടത്തിൽ സഖാവ് നിരാശപ്പെടുകയോ തളരുകയോ ചെയ്തില്ല. അസാധാരണമായ ഇഛാശക്തിയും അചഞ്ചലതയുമായിരുന്നു സഖാവിന്റെ മുഖമുദ്ര. കേരളത്തിന്റെ മണ്ണിൽ പാർട്ടി കെട്ടിപ്പടുക്കാൻ ഇറങ്ങിപ്പുറപ്പെട്ടവരിൽ ചിലരെങ്കിലും, കഠിനതരമായ വിപ്ലവജീവിത സമരം മുന്നോട്ടു കൊണ്ടുപോകാനാകാതെ പ്രവർത്തനം അവസാനിപ്പിച്ചപ്പോൾ സഖാക്കൾ സി.കെ.ലൂക്കോസ്, എ.ജലാലുദ്ദീൻ, ജി.എസ്.പത്മകുമാർ തുടങ്ങിയവർക്കൊപ്പം നെല്ലിടപോലും പതറാതെ പാർട്ടിയുടെ പതാകയേന്തി സഖാവ് വേണുഗോപാൽ ദൃഢനിശ്ചയത്തോടെ മുന്നോട്ടു ചുവടുവച്ചു. അടിയന്തരാവസ്ഥയുടെ നാളുകളിൽ സഖാക്കൾ വി.വേണുഗോപാൽ, എം.സുബ്രഹ്മണി എന്നിവരെ പോലീസ് പിടികൂടുകയും രണ്ട് സന്ദർഭങ്ങളിലായി തിരുവനന്തപുരം കന്റോൺമെന്റ്, വഞ്ചിയൂർ പോലീസ് സ്റ്റേഷനുകളിൽ രണ്ടുദിവസം വീതം കരുതൽ തടങ്കൽ എന്ന നിലയിൽ ലോക്കപ്പിലിടുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥിയായിരിക്കുമ്പോൾ സിപിഐ(എം) ഗുണ്ടകളുടെ കായികമായ ആക്രമണങ്ങൾക്ക് അദ്ദേഹം ഇരയായി. കലാലയങ്ങളിൽ ജനാധിപത്യ അന്തരീക്ഷം സ്ഥാപിച്ചെടുക്കുന്നതിനുവേണ്ടി എഐഡിഎസ്ഒ നടത്തിയ പ്രവർത്തനങ്ങൾക്ക് വേണുഗോപാൽ കരുത്തുറ്റ നേതൃത്വം നൽകി. അദ്ദേഹം ദീർഘകാലം എഐഡിഎസ്ഒയുടെ സംസ്ഥാന പ്രസിഡണ്ടായും സെക്രട്ടറിയായും ചുമതലകൾ നിർവഹിച്ചു.

എഴുപതുകളിൽ മെഡിക്കൽ ബിരുദം ആകർഷകങ്ങളായ സൗഭാഗ്യങ്ങളുടെയും ഭൗതികനേട്ടങ്ങളുടെയും ഉറപ്പുള്ള വാതിലായിരുന്നു. എന്നാൽ അവയൊന്നും വേണുസഖാവിനെ ആകർഷിച്ചില്ല. വലിയ കാര്യം ചെയ്യുകയാണെന്ന മനോഭാവം തീരെയില്ലാതെ, നിറഞ്ഞ സംതൃപ്തിയോടെ വിപ്ലവത്തിനുവേണ്ടി അവയെല്ലാം വെടിഞ്ഞു. സമൂഹത്തിന്റെ വ്യാധികളുടെ ചികിൽസകനാകുക എന്നത് തന്റെ ജീവിതലക്ഷ്യമായി നിശ്ചയിച്ചു. മാതാപിതാക്കളുടെ കണ്ണീരിനെയും എതിർപ്പുകളെയും അദ്ദേഹത്തിന് നേരിടേണ്ടതായിവന്നു. അതീവ സമർത്ഥനായ ഒരു വിദ്യാർത്ഥി ഈ വിധത്തിൽ ശോഭനമായ ഭാവി നഷ്ടപ്പെടുത്തുന്നതിൽ പ്രിയപ്പെട്ട അദ്ധ്യാപകർ, സഹപാഠികൾ സ്നേഹബുദ്ധ്യാ ശാസിച്ചു. ഉപദേശിച്ചു. താൻ സ്വീകരിച്ചിട്ടുള്ള ജീവിതവർത്തനത്തിന്റെ മഹത്വമെന്താണെന്ന് തികഞ്ഞ ക്ഷമയോടെ, ബോദ്ധ്യത്തോടെ അവരോടെല്ലാം സഖാവ് വിശദീകരിച്ചു.

ബോദ്ധ്യപ്പെടാതെ അവശേഷിച്ചവരുൾപ്പെടെയുള്ളവർ, പിന്നീട് സഖാവ് വി.വേണുഗോപാൽ നയിച്ച ഉദാത്തമായ ജീവിതസമരം ദർശിച്ച് അത്ഭുതപ്പെട്ടു. അത്യാദരവോടെ സഖാവിനെ അംഗീകരിച്ചു. ഒടുവിൽ ആ അദ്ധ്യാപകരും സഹപാഠികളും വേണുസഖാവിന്റെ അനാരോഗ്യത്തിന്റെ വാർത്തകേട്ട്, പരപ്രേരണയില്ലാതെ, ആരും അഭ്യർത്ഥിക്കാതെ തന്നെ വലിയൊരു തുക ചികിൽസാഫണ്ട് ശേഖരിച്ച്, നിറകണ്ണുകളോടെ പാർട്ടിയെ ഏൽപ്പിച്ചു. ദാരിദ്ര്യവും അസമത്വവും നിറഞ്ഞ സമൂഹത്തിന്റെ മാറാവ്യാധികളെ ചികിൽസിക്കാൻ ഇറങ്ങിപ്പുറപ്പെട്ട തങ്ങളുടെ പ്രിയ സുഹൃത്തിന്, തങ്ങൾക്കാർക്കും നിറവേറ്റാനാകാതെ പോയ വിലപ്പെട്ട ദൗത്യങ്ങൾക്കായി ജീവിതം നീക്കിവച്ച ആ മനുഷ്യസ്നേഹിക്ക്, പണത്തിന്റെ കുറവുകൊണ്ട് ചികിൽസ



എസ്‌യുസിഐ(സി) പൊളിറ്റ് ബ്യൂറോ, കേന്ദ്രകമ്മിറ്റി, സംസ്ഥാന കമ്മിറ്റി അംഗങ്ങൾ അന്ത്യാഭിവാദ്യങ്ങൾ അർപ്പിക്കുന്നു.

ലഭിക്കാതെ പോകരുതെന്ന് അവർ ആഗ്രഹിച്ചു. സഖാവ് വേണുഗോപാൽ നയിച്ച വിപ്ലവ ജീവിതം എത്ര ആഴമാർന്ന സ്വാധീനമാണ് മറ്റുള്ളവരിൽ സൃഷ്ടിച്ചതെന്ന് മനസ്സിലാക്കാൻ ഈവിധം എത്രയോ ഉദാഹരണങ്ങൾ, അനുഭവങ്ങൾ. ജീവിത സുഖസൗഭാഗ്യങ്ങളോട് എന്നും നിർമ്മമമായ സമീപനമായിരുന്നു അദ്ദേഹം പുലർത്തിയത്.

സഖാവ് വി.വേണുഗോപാൽ ആകെത്തുകയിൽ ആരായിരുന്നു? പാർട്ടിയുടെയും വിപ്ലവത്തിന്റെയും താൽപ്പര്യത്തിനുവേണ്ടി അടിമുടി ചിട്ടപ്പെടുത്തിയ ഒരു ജീവിതം; അതായിരുന്നു സഖാവ് വി.വേണുഗോപാൽ. തൊഴിലാളിവർഗ്ഗത്തോടുള്ള കൂറ് പാർട്ടിയോടുള്ള സമർപ്പണത്തിലാണ് പ്രതിഫലിക്കുന്നത്. വ്യക്തിപരമായ താൽപ്പര്യങ്ങളെ, പാർട്ടിയുടെ, സമൂഹത്തിന്റെ താൽപ്പര്യങ്ങൾക്ക് വിധേയപ്പെടുത്തുന്ന സമരമാണ് കമ്മ്യൂണിസ്റ്റുകളുടെ ആന്തരിക സമരത്തിന്റെ തുടക്കം. ക്രമേണ അത് സമൂഹത്തിന്റെ താൽപ്പര്യങ്ങളുമായി താദാത്മ്യപ്പെടാനുള്ള സമരത്തിന്റെ ഘട്ടത്തിലേക്ക് പ്രവേശിക്കുന്നു. ഉത്തമനായ കമ്മ്യൂണിസ്റ്റാകാനുള്ള സമരം ജീവിതാന്ത്യം വരെയുള്ളതാണ്. വ്യക്തിതാൽപ്പര്യവും സമൂഹതാൽപ്പര്യവും ഒന്നാക്കി മാറ്റാനുള്ള ഈ സമരത്തിന്റെ ഒരു ഘട്ടം വിജയകരമായി പിന്നിട്ടുന്നവർക്ക് കേന്ദ്രക്കമ്മിറ്റി നൽകുന്നതാണ് സ്റ്റാഫ് മെമ്പർഷിപ്പ്. സഖാവ് വേണുഗോപാൽ ഒന്നര ദശാബ്ദങ്ങൾക്കുമുമ്പേ അത് നേടിയിരുന്നു. വേണു സഖാവ് സമൂഹത്തിനുവേണ്ടി ജീവിച്ചു. സമൂഹത്തിനുവേണ്ടി ചിന്തിച്ചു, പ്രവർത്തിച്ചു. നാടിനും വിപ്ലവത്തിനും തൊഴിലാളിവർഗ്ഗത്തിന്റെ മോചനത്തിനും വേണ്ടിയല്ലാതെയുള്ള ഒരു പ്രവർത്തനത്തിലും സഖാവിനെ കാണാൻ കഴിയുമായിരുന്നില്ല.

സഖാവ് വി.വേണുഗോപാൽ നടത്തുന്ന സംഭാഷണങ്ങളും ചർച്ചകളും സൂക്ഷ്മമായി ശ്രവിച്ചിട്ടുള്ളവർക്ക് കൗതുകകരമായ



കേന്ദ്രകമ്മിറ്റി അംഗം സഖാവ് കെ.ശ്രീധർ അന്ത്യോപചാരമർപ്പിക്കുന്നു.

ഒരു വസ്തുത ശ്രദ്ധയിൽ വന്നിട്ടുണ്ടാകും. 'ഞാൻ' എന്ന വാക്ക് സഖാവിന്റെ സംഭാഷണങ്ങളിൽ കടന്നുവരാറേ ഉണ്ടായിരുന്നില്ല. അഥവാ അദ്ദേഹം ആ വാക്ക് വളരെ, വളരെ കുറച്ചുമാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. തന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പറയുക, തന്റെ കഴിവിനെ അവതരിപ്പിക്കുക, നേട്ടങ്ങളെ മറ്റുള്ളവരുടെ ശ്രദ്ധയിൽ കൊണ്ടുവരിക തുടങ്ങിയവയൊന്നും സഖാവിന്റെ പെരുമാറ്റത്തിലോ സംഭാഷണത്തിലോ കടന്നുവന്നില്ല. 'ഞാൻ' എന്ന ഘടകം അദ്ദേഹത്തിനുണ്ടായിരുന്നില്ല. സഖാവിന്റെ മനോഭാവത്തിൽ 'ഞാൻ' തീരെ ഇല്ലാതിരുന്നതുകൊണ്ടാണ് അദ്ദേഹത്തിന്റെ വർത്തമാനത്തിൽ നാം ആ വാക്ക് കേൾക്കാതിരുന്നത്. വ്യക്തിവാദത്തിന്റെ സ്വാധീനത്തിൽനിന്നും മുക്തമാകാൻ സഖാവ് നടത്തിയ തീക്ഷ്ണമായ സമരത്തിന്റെ പ്രതിഫലനമായിരുന്നു അത്. ശക്തമായ ആശയസമരങ്ങളിൽ ഏർപ്പെടുമ്പോഴും എതിരാളികളിൽപ്പോലും മതിപ്പും ആദരവും ഉണർത്താൻ പോന്നത്ര ഉയർന്ന ജനാധിപത്യസമീപനം അദ്ദേഹം പുലർത്തി. 'വിവേകത്തിന്റെ സുനിശ്ചിതമായ ലക്ഷണമാണ് പ്രസന്നചിത്തത' എന്ന മഹത് വാക്യം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അന്വർത്ഥമായിരുന്നു. മരണാനന്തരം പറയാൻ ബാധ്യതപ്പെട്ട ഉപചാരവാക്കുകളല്ല ഇവ.

### കല്ലിനുമേൽ കല്ലുവച്ച് പാർട്ടി പടുത്തുയർത്താൻ അവിശ്രമം പൊരുതിയ നേതാവ്

കേരളത്തിൽ പാർട്ടിക്ക് നാലോ അഞ്ചോ ജില്ലകളിൽ മാത്രമേ അന്ന് പ്രവർത്തനം ഉണ്ടായിരുന്നുള്ളൂ. പാർട്ടിയെ കേരളമെമ്പാടുമുള്ള സംഘടനയാക്കി വളർത്തിയെടുക്കാൻ സഖാവ് സി.കെ.ലൂക്കോസ് ഏറ്റെടുത്ത തീക്ഷ്ണമായ വിപ്ലവസമരം പ്രയോഗത്തിലെത്തിക്കാൻ മുമ്പിൽ നിലയുറപ്പിച്ചത് സഖാവ് വി.വേണുഗോപാലായിരുന്നു. സംസ്ഥാന മെമ്പാടും യാത്രചെയ്ത് പുതിയ സഖാക്കളെ അദ്ദേഹം റിക്രൂട്ട് ചെയ്തു. ഉയർന്ന ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ അവരെ പ്രാപ്തരാക്കി. ജില്ലാ കമ്മിറ്റിയംഗങ്ങളെന്ന ചുമതല നിർവ്വഹിക്കാൻ യോഗ്യരായ നിരവധി സഖാക്കളെ വേണുസഖാവ് വാർത്തെടുത്തു. ഏതാണ്ട് ഒന്നര പതിറ്റാണ്ടുമുമ്പ് കാസർകോട് ഒഴികെയുള്ള മുഴുവൻ ജില്ലകളിലും ജില്ലാതല സംഘടനകൾ രൂപപ്പെടുത്താൻ ആ സമരം ഇടയാക്കി. ഇന്നു കേരളത്തിൽ കാണുന്ന സുശക്തമായ സംഘടനാ മെഷിനറിയെയും ഒട്ടനവധി മുഴുവൻ സമയകേഡർമാരെയും സൃഷ്ടിച്ചതിൽ സഖാവ് വി.വേണുഗോപാലിന്റെ പങ്ക് നിസ്തുലമാണ്. പാർട്ടിയുടെ ആലപ്പുഴ ജില്ലാ സെക്രട്ടറിയെന്ന നിലയിൽ ദീർഘകാലം ഉത്തരവാദിത്തം നിർവഹിച്ചുകൊണ്ട് സംസ്ഥാനത്തെ ഏറ്റവും ശക്തമായ പാർട്ടി സംഘടന ജില്ലയിൽ പടുത്തുയർത്തി. ജനാധിപത്യകേന്ദ്രീയതയുടെ സംഘടനാഅടിത്തറയിൽ ഉറപ്പിച്ച, കെട്ടുറപ്പുള്ള സംസ്ഥാനകമ്മിറ്റി വളർത്തിയെടുത്തതിലും സഖാവ് വി. വേണുഗോപാലിന് ഗണ്യമായ പങ്കുണ്ട്.

കമ്മ്യൂണിസ്റ്റ് പെരുമാറ്റച്ചട്ടം മുന്നോട്ടുവയ്ക്കുന്ന നൈതികതയും ധാർമ്മികതയും സഖാവിന്റെ പെരുമാറ്റങ്ങളിലും സംഭാഷണങ്ങളിലും എത്ര സഹജവും സ്വഭാവികവുമായാണ് വിളക്കിച്ചേർക്കപ്പെട്ടിരുന്നത്. സഖാക്കളോട്, പ്രത്യേകിച്ചും ജൂനിയർ സഖാക്കളോട് നിഷേധവശങ്ങളുയർത്തി ഒരിക്കൽപ്പോലും സംസാരിക്കില്ലായിരുന്നു അദ്ദേഹം. കുറവുകളുടെ പേരിൽ ആരെയും കുറ്റപ്പെടുത്തിയില്ല. അവരെ ചേർത്തു പിടിച്ചു. എന്നാൽ പരിമിതികളെന്തെന്ന് വ്യക്തമായി ഉൾക്കൊള്ളാൻ ഒരു സഖാവിനെ സഹായിക്കുന്ന സമീപനം ഉണ്ടാവുകയും ചെയ്യും. പോസിറ്റീവായ ഗുണങ്ങളും സമീപനങ്ങളും അവതരിപ്പിച്ചുകൊണ്ട് നിഷേധവശങ്ങളെ തിരിച്ചറിയാൻ ഒരാളെ പ്രേരിപ്പിക്കുന്ന ചർച്ചാശൈലി ആരെയും അത്ഭുതപ്പെടുത്തുന്ന ഒന്നായിരുന്നു. ഓരോ സഖാവിനെയും വൈരുദ്ധ്യാത്മകമായി വിലയിരുത്തി, അയാളുടെ സാധ്യതയും പരിമിതികളും മനസ്സിലാക്കി വളരാനും കൂടുതൽ മു

*(ശേഷം 3–ാം പേജിൽ)*

# തൊഴിലാളിവർഗ്ഗ മോചനം മാത്രം ലക്ഷ്യമാക്കിയ ജീവിതം

## സഖാവ് വി.വേണുഗോപാലിന് ലാൽസലാം

(2-ാം പേജിൽ നിന്ന്)

ന്നേറാനുമുള്ള വഴി എന്തെന്ന് കൃത്യമായി ചൂണ്ടിക്കാട്ടി. വളരെ നല്ലൊരു ശ്രോതാവായിരുന്ന അദ്ദേഹം. മറ്റുള്ളവരുടെ അഭിപ്രായഗതികൾ മനസ്സിലാക്കാൻ ആവോളം ശ്രമിച്ചു. സഖാക്കളെ വാർത്തെടുക്കുക എന്ന കലയിൽ അസാധാരണമായ മാർക്സിസ്റ്റ് വൈഭവമാണ് സഖാവ് വേണുഗോപാൽ പ്രദർശിപ്പിച്ചത്. സങ്കീർണമായ രാഷ്ട്രീയ സംഘടനാപ്രശ്നങ്ങളിൽ ആഴമാർന്ന ധാരണയും സമഗ്രതയുംകൊണ്ട് കൃത്യമായ ഉത്തരങ്ങൾ കണ്ടെത്തി. ജീവിതത്തിന്റെ പ്രതിസന്ധിഘട്ടങ്ങളിൽ വേണു സഖാവിൽനിന്നും മാർഗ്ഗോപദേശങ്ങൾ തേടിയിട്ടില്ലാത്ത ഒരു സഖാവും കേരളത്തിൽ ഉണ്ടാവില്ല.

പ്രബല പ്രസ്ഥാനങ്ങൾക്കുപോലും അവകാശപ്പെടാനില്ലാത്ത, വനിതാ കേഡർമാരുടെ അതിശക്തമായ ഒരു നിര സംസ്ഥാനത്ത് വാർത്തെടുക്കാൻ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പ്രസ്ഥാനത്തിന് കഴിഞ്ഞത്, സഖാക്കൾ സി.കെ.ലൂക്കോസിന്റെയും വി.വേണുഗോപാലിന്റെയും നേതൃത്വത്തിൽ നിറവേറ്റപ്പെട്ട സവിശേഷമായ ഒരു സമരത്തിലൂടെയാണ്. വനിതകളുടെ വളർച്ചയും വികാസവും ആരും ദാനമായി നൽകേണ്ടതല്ലെന്നും സ്വന്തം സമരത്തിലൂടെ നേടിയെടുക്കേണ്ടതാണെന്നുമുള്ള അടിസ്ഥാനധാരണയെ ആധാരമാക്കി, സാമൂഹ്യമുന്നേറ്റത്തിന് സഹായകരമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ അവരെ പ്രേരിപ്പിച്ചു. എത്ര കനപ്പെട്ട ചുമതലകളും നിർവ്വഹിക്കാൻ പ്രാപ്തരായി, ആത്മാഭിമാന പ്രചോദിതരായി സ്വന്തം ധിഷണക്കും ശേഷിക്കും മൂർച്ചകൂട്ടി അവർ സ്വയം മുന്നോട്ടുവന്നു. ഇന്ന് സമരമുഖങ്ങളിൽ ക്ലേശകരമായ ഏതുതരം ഉത്തരവാദിത്തവും ഏറ്റെടുക്കാനും സമരങ്ങളുടെ സംഘാടകരും നേതാക്കളുമായി പ്രവർത്തിക്കാനും കെൽപ്പുള്ള നൂറുകണക്കിന് വനിതാപ്രവർത്തകർ കേരളത്തിൽ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പ്രസ്ഥാനത്തിനുണ്ടായത് ഈ നേതാക്കളുടെ അക്ഷീണമായ പ്രയത്നത്തിലൂടെയാണ്.

മുതലാളിത്ത സാമൂഹ്യക്രമത്തിന്റെ അപചയങ്ങളിൽനിന്നും കുട്ടികളെയും കൗമാരക്കാരെയും പരിരക്ഷിക്കണമെന്ന ഉൽക്കടമായ വൈകാരികത മനസ്സിൽ അണയാതെ കൊണ്ടുനടന്ന ഒരാളായിരുന്നു സഖാവ് വി.വേണുഗോപാൽ. ഈ ലക്ഷ്യം നിറവേറ്റുന്നതിനായി ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണവും പ്രായോഗികപ്രവർത്തനങ്ങളും സഖാവ് നിർവ്വഹിച്ചു. കുട്ടികളോടും കൗമാരക്കാരോടും സഖാവ് നിലനിർത്തിയിരുന്ന ജൈവികമായ ബന്ധം അവരിൽ ഉയർന്ന മൂല്യങ്ങൾ സൃഷ്ടിക്കാനിടയാക്കത്തക്കവിധം സ്വാധീനം ചെലുത്തി. വിപ്ലവസംഘാടനത്തിന്റെ ആയാസകരമായ ദൗത്യങ്ങൾചുമലിലേറ്റാൻപ്രാപ്തിയുള്ളവരാക്കി നിരവധി കൗമാരക്കാരെ സഖാവ് വളർത്തിയെടുത്തു. വിപ്ലവസംഘാടകരാകുക എന്നതാണ് ഏറ്റവും ഉദാത്തമായ ജീവിതവർത്തനത്തിന്റെ ശൈലിയെന്ന് സഖാവ് വി.വേണുഗോപാൽനിന്ന് കുട്ടികൾ പഠിച്ചു. കുട്ടികളുടെയും കൗമാരക്കാരുടെയും സങ്കീർണ്ണപ്രശ്നങ്ങൾ പരിഹരിച്ചും നിർഭയമായി ജീവിതത്തെ നേരിടാൻ അവർക്ക് പരിശീലനം നൽകിയും കൗമാര കമ്മ്യൂണിസ്റ്റ് ദളമായ 'കൊംസമോളി'ന്റെ ചുമതല സഖാവ് വി.വേണുഗോപാൽ ഗൗരവപൂർവ്വം നിറവേറ്റി.

പ്രസിദ്ധീകരണത്തിന്റെ അമ്പതുവർഷം പൂർത്തിയാക്കിയ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനകമ്മിറ്റിയുടെ മുഖപത്രം *യൂണിറ്റി*യുടെ മുഖ്യ പത്രാധിപരായിരുന്നു സഖാവ് വി.വേണുഗോപാൽ. എല്ലാത്തരം വളച്ചൊടിക്കലുകളിൽനിന്നും പരിഷ്കരണവാദപരമായ നിലപാടുകളിൽനിന്നും മാർക്സിസ്റ്റ് ദർശനത്തെ സംരക്ഷിച്ചുകൊണ്ട് അതിന്റെ മഹത്തായ വിപ്ലവസത്ത അചഞ്ചലം പ്രതിനിധാനം ചെയ്യുന്ന *യൂണിറ്റി*യുടെ എഡിറ്റോറിയൽ ബോർഡ് അംഗമായി നാലുപതിറ്റാണ്ടും ചീഫ് എഡിറ്ററായി അഞ്ചുവർഷവും അദ്ദേഹം സേവനം അനുഷ്ഠിച്ചു. 1995ൽ ജർമ്മനിയിൽ നടന്ന ആഗോളയുവജനസംഗമത്തിൽ എഐഡിവൈഒയെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

കൈയിൽ കിട്ടുന്നതെന്തും വായിക്കുക എന്നതായിരുന്നില്ല അദ്ദേഹത്തിന്റെ വായനയുടെ സമ്പ്രദായം. വളരെ സെലക്ടീവായ വായനയുടെ രീതിയായിരുന്നു അവലംബിച്ചിരുന്നത്. ആരിലും അത്ഭുതമുളവാക്കുംവിധം കൃതിയുടെ സാരാംശം ഗ്രഹിക്കുകയും അത് അയത്നലളിതമായി പുനഃരവതരിപ്പിക്കുകയും ചെയ്യുന്നതിൽ അസാധാരണമായ കഴിവായിരുന്നു വേണു സഖാവിനുണ്ടായിരുന്നത്. ഉൾക്കനമുള്ള ഒരു കൃതിയാണെന്ന് മനസ്സിലാക്കിക്കഴിഞ്ഞാൽ അത് കൈവശം കരുതും. ആവർത്തിച്ചുള്ള വായന തുടക്കം മുതൽ ഒടുക്കം വരെയല്ല. അവിടെനിന്നും ഇവിടെനിന്നും വീണ്ടും വീണ്ടും വായിക്കും. അതായിരുന്നു സഖാവിന്റെ വായനാരീതി.

### ജനകീയ സമരസംഘാടനത്തിന്റെ ആശയവും പ്രായോഗികതയും വിളക്കിച്ചേർത്ത പ്രക്ഷോഭകാരി

ജനകീയ സമരസംഘാടനത്തിൽ അനിതരസാധാരണമായ പ്രാപ്തിയും ശേഷിയുമാണ് സഖാവ് പ്രദർശിപ്പിച്ചിട്ടുള്ളത്. കേരളത്തിലെ ശ്രദ്ധേയമായ നിരവധി സമരങ്ങളിൽ സംഘാടകരായോ നേതൃത്വമായോ പിന്തുണ പ്രവർത്തകരായോ നിയോഗിക്കപ്പെടുന്ന പാർട്ടി സഖാക്കൾക്ക് ഓരോ സമരത്തിന്റെയും മുമ്പിലെ യഥാർത്ഥ വെല്ലുവിളികളെന്തെന്ന് കൃത്യമായി ചൂണ്ടിക്കാട്ടി, അവയെ എങ്ങിനെ കൈകാര്യം ചെയ്യണമെന്ന് നിർദ്ദേശങ്ങൾ നൽകി ആ സമരങ്ങളുടെ മസ്തിഷ്കമായി സഖാവ് വി.വേണുഗോപാൽ പ്രവർത്തിച്ചു. സമരങ്ങളുടെ നേതൃനിരയിലോ പോർമുഖത്തോ ഒരു പക്ഷേ അദ്ദേഹത്തെ കണ്ടെന്നുവരില്ല. 2002ൽ ആലപ്പുഴ, തൃക്കുന്നപ്പുഴയിൽ പടുത്തുയർത്തപ്പെട്ട ഐതിഹാസികമായ കരിമണൽ ഖനനവിരുദ്ധ പ്രക്ഷോഭത്തിന്റെ ആസൂത്രകൻ വേണു സഖാവായിരുന്നു. തീരമെമ്പാടും ഒട്ടനവധി ജനകീയകമ്മിറ്റികൾക്ക് രൂപം നൽകിക്കൊണ്ട് സമരത്തിന് ഉറച്ച അസ്തിവാരമൊരുക്കിയുള്ള പ്രക്ഷോഭശൈലിയുടെ വിജയകരമായ നടപ്പാക്കലിന് സഖാവ് നേതൃത്വം നൽകി. അതിനുമുമ്പും പിമ്പുമായി ചെങ്ങറയിൽ, വിളപ്പിൽശാലയിൽ, മൂലമ്പിള്ളിയിൽ, ദേശീയപാതയോരങ്ങളിൽ തുടങ്ങി സംസ്ഥാനത്തെ എണ്ണമറ്റ സമരങ്ങളിൽ കൃത്യമായ സമരഘട്ടങ്ങൾ നിർണ്ണയിച്ചും ശരിയായ ഡിമാന്റുകൾ ഉയർത്തിയും മുന്നോട്ടുകുതിക്കാൻ കർമ്മപദ്ധതി രൂപപ്പെടുത്തിയതിൽ വി.വേണുഗോപാലിനുണ്ടായിരുന്ന പങ്ക് വളരെ വലുതാണ്. ആലപ്പുഴയുടെ തീരത്ത് തുച്ഛമായ വേതനത്തിന് പണിയെടുക്കേണ്ടിവന്നിരുന്ന ചെമ്മീൻ പീലിംഗ് തൊഴിലാളികളെ നിസ്സഹായതയിൽനിന്നും ഉയർത്തി പോരാട്ടത്തിന്റെ വീര്യം പകർന്നു നൽകിയ കേരള മത്സ്യസംസ്കരണത്തൊഴിലാളിയൂണിയൻ അഥവാ കെഎംഎസ്ടിയുവിന്റെ സംഘാടകർക്ക് ആശയപരമായ ഉൾക്കാഴ്ചയും പ്രവർത്തന പദ്ധതിയുമേകിയത് സഖാവ് വേണുഗോപാലായിരുന്നു. തീരത്തുനടന്ന ഐതിഹാസികമായ പണിമുടക്കുസമരങ്ങളുടെ സംഘാടനത്തിൽ രാപകൽ സഖാവ് വേണുഗോപാൽ അവർക്കൊപ്പം അടിയുറച്ച് നിലകൊണ്ടു.

ജനകീയസമര സംഘാടനത്തിന്റെ രംഗത്ത് ജനങ്ങൾക്കാകെ മാതൃകയായ ജനാധിപത്യശൈലിക്ക് തുടക്കംകുറിച്ച കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയായിരുന്നു അദ്ദേഹം. സ്വന്തമായി എഴുതിത്തയ്യാറാക്കിയ പ്രതിരോധ സമിതിയുടെ രാഷ്ട്രീയ-സംഘടനാ പ്രമേയങ്ങൾ ജനകീയ സമരങ്ങളുടെ പാത കൃത്യമായി വരച്ചുകാട്ടി. നിരവധിയായ അഭിപ്രായഭേദങ്ങളുടെ നടുവിലും യോജിപ്പിന്റെ ഘടകങ്ങൾ കണ്ടെത്തി, ജനകീയഐക്യം ശക്തിപ്പെടുത്തി, ജനങ്ങളുടെ പ്രക്ഷോഭത്തെ മുന്നോട്ടു കൊണ്ടുപോകേണ്ടതിന്റെ ആവശ്യകത അദ്ദേഹം അവതരിപ്പിച്ചു. ഭരണപക്ഷവും പ്രതിപക്ഷവും ഒരുപോലെ കൈയൊഴിയുമ്പോൾ, ജനങ്ങൾ സ്വന്തം സമരസംഘടന രൂപീകരിച്ച് മുന്നോട്ടു വരിക മാത്രമേ പോംവഴിയുള്ളൂ എന്ന് തിരിച്ചറിഞ്ഞ വേണുഗോപാൽ, ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യർ, ലക്ഷ്മി.എൻ.മേനോൻ, ബിഷപ്പ് പൗലോസ് മാർ പൗലോസ്, പി.പി.ഉമ്മർകോയ, ആർ.എം.മനയ്ക്കലാത്ത്, ഡോ.എൻ.എ കരീം, എം.വി.ദേവൻ, കെ.ഇ.മാമ്മൻ, കെ.പാനൂർ, പവനൻ, ഡോ.പി.കെ.സുകുമാരൻ തുടങ്ങി നിരവധി ഉന്നത വ്യക്തിത്വങ്ങളെ അണിനിരത്തിയാണ് ജനകീയ പ്രതിരോധ സമിതിക്ക് രൂപം നൽകിയത്. കക്ഷിരാഷ്ട്രീയത്തിന്റെ ഇടുങ്ങിയ ഇടങ്ങളിൽ നിന്ന് യോജിച്ച ജനകീയ മുന്നേറ്റത്തിന്റെ ഭൂമികയി

(ശേഷം 4-ാം പേജിൽ)



വിലാപയാത്ര അമ്പലപ്പുഴ ഇരട്ടക്കുളങ്ങരയിൽനിന്ന് പൊതുദർശന വേദിയായ പാർട്ടി സെന്ററിലേക്ക് നീങ്ങുന്നു.



അന്തിമാഭിവാദ്യം: കൊംസമോൾ ഗാർഡ് ഓഫ് ഓണർ നൽകുന്നു.



എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷിനുവേണ്ടി സഖാവ് അമിതാവ ചാറ്റർജി അന്ത്യോപചാരമർപ്പിക്കുന്നു.



എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് റീത്ത് സമർപ്പിക്കുന്നു.



സംസ്ഥാന കെ റെയിൽ സിൽവർലൈൻ വിരുദ്ധ സമിതിക്കുവേണ്ടി ചെയർമാൻ എം.പി.ബാബുരാജും നേതാക്കളും പുഷ്പങ്ങളർപ്പിക്കുന്നു.

# സഖാക്കളും ജനകീയ സമര നേതാക്കളും ആലപ്പുഴ പൗരാവലിയും നൽകിയ യാത്രാമൊഴി

**2024** മാർച്ച് 30ന് രാത്രി ഒമ്പതര മണിക്ക് സഖാവ് വി.വേണുഗോപാലിന്റെ നിര്യാണവാർത്ത സ്ഥിരീകരിച്ചു. ഊർജ്ജസ്വലവും ചൈതന്യവത്തുമായ ഒരു ജീവിതഘട്ടവും, രോഗപീഡകളോട് പൊരുതി നിലകൊണ്ട കാലവും കടന്ന് സഖാവ് വി. വേണുഗോപാൽ വിടപറയുമ്പോൾ അടുത്തുനിന്ന് പരിചരിച്ചവരിലും പാർട്ടി സഖാക്കളിലാകെയും ഒരു ശൂന്യതയാണ് സൃഷ്ടിക്കപ്പെട്ടത്. ആലപ്പുഴ മെഡിക്കൽ കോളേജ് മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന അദ്ദേഹത്തിന്റെ ചേതനയറ്റ ശരീരം ഏപ്രിൽ 1 രാവിലെ 7 മണിക്ക് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് എസ്.രാജീവന്റെ നേതൃത്വത്തിൽ സഖാക്കൾ വിങ്ങലോടെ ഏറ്റുവാങ്ങി. പ്രിയനേതാവിന്റെ മൃതശരീരവും വഹിച്ചുകൊണ്ട് വാഹനവ്യൂഹം അമ്പലപ്പുഴ ഇരട്ടക്കുളങ്ങരയിലെത്തി.

7.30ന് ഇരട്ടക്കുളങ്ങരയിൽനിന്നും ആരംഭിച്ച വിലാപയാത്രയുടെ മുന്നിൽ ഉന്നതശീർഷനായ സഖാവിന്റെ വ്യക്തിത്വം സ്ഫുരിക്കുന്ന വലിയൊരു ഛായാചിത്രവും അതിനു പിന്നിൽ അദ്ദേഹം സൂക്ഷ്മയോടെയും ജാഗ്രതയോടെയും വളർത്തിയെടുത്ത കോംസമോളിന്റെ വോളണ്ടിയർ ദളവും അണിനിരന്നു. തുടർന്ന്, പാർട്ടി സംസ്ഥാന കമ്മിറ്റിയംഗങ്ങൾ, പിന്നാലെ സഖാവ് വേണുഗോപാലിന്റെ ചേതനയറ്റ ശരീരം വഹിച്ചുകൊണ്ടുള്ള വാഹനവും സഞ്ചരിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ പാർട്ടി സഖാക്കളും സഖാവിന്റെ സ്നേഹമസൃണമായ പെരുമാറ്റത്തിലൂടെയും നിരവധിയായ സമരവേദികളിലൂടെയും അടുത്തറിയാനിടവന്നിട്ടുള്ള അമ്പലപ്പുഴയിലെ പൗരാവലിയും മൃതദേഹത്തെ അനുഗമിച്ചു.

മൂന്നുപതിറ്റാണ്ടോളം സഖാവിന്റെ പ്രവർത്തനകേന്ദ്രമായിരുന്ന, രോഗാതുരമായി മൂന്നുവർഷത്തോളം സഖാക്കളുടെ പരിചരണവലയത്തിലായിരുന്ന അമ്പലപ്പുഴയിൽ, സഖാവ് വേണുഗോപാലിന്റെ പ്രവർത്തനകേന്ദ്രമായിരുന്ന 'സെന്ററി'ൽ വിലാപയാത്ര എത്തിയപ്പോൾ വമ്പിച്ചൊരു ജനാവലി വിങ്ങുന്ന ഹൃദയവുമായി കാത്തുനിന്നിരുന്നു. ആയിരങ്ങൾ കദന ഭാരത്തോടെ അന്തിമോപചാരം അർപ്പിച്ച് കടന്നുപോയി. പ്രത്യേകിച്ചും ഉൽകൃഷ്ടമായ ജീവിതപന്ഥാവിലൂടെ സഖാവ് വളർത്തിയെടുത്ത നൂറുകണക്കിന് കുട്ടികളും യുവാക്കളും. ജീവിതത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളിൽ തങ്ങളെ സ്വാധീനിച്ച ആ ഉന്നത വ്യക്തിത്വവുമായി ഉണ്ടായിരുന്ന ബന്ധത്തെ സ്മരിച്ചും സഖാവ് ഇനി തങ്ങളോടൊപ്പം ഉണ്ടാവില്ല എന്ന തിരിച്ചറിവിലും ദുഃഖം അണപൊട്ടി.



പൊളിറ്റ് ബ്യൂറോ അംഗം സഖാവ് കെ.രാധാകൃഷ്ണ റീത്ത് സമർപ്പിക്കുന്നു.

പാർട്ടി പൊളിറ്റ്ബ്യൂറോ അംഗമായിരുന്ന സഖാവ് വി.വേണുഗോപാലിന്റെ അന്ത്യയാത്ര ചടങ്ങുകളിൽ സംബന്ധിക്കാനായി പൊളിറ്റ്ബ്യൂറോ അംഗങ്ങളായ സഖാക്കൾ കെ.രാധാകൃഷ്ണ, അമിതാവ ചാറ്റർജി, കേന്ദ്രകമ്മിറ്റി അംഗമായ സഖാവ് കെ.ശ്രീധർ, കേന്ദ്രകമ്മിറ്റി അംഗവും തമിഴ്നാട് സംസ്ഥാന സെക്രട്ടറിയുമായ സഖാവ് എ.രംഗസാമി എന്നിവരും സന്നിഹിതരായിരുന്നു. എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷിനുവേണ്ടി സഖാവ് അമിതാവ ചാറ്റർജി അന്ത്യോപചാരമർപ്പിച്ചു. സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം എംപി, സിപിഐ(എം)നേതാവും മുൻമന്ത്രിയുമായ ജി.സുധാകരൻ, അമ്പലപ്പുഴ എംഎൽഎ എച്.സലാം, കെ.കെ.രമ എംഎൽഎ, മുൻഎംപി ഡോ.കെ.എസ്.മനോജ്, ആർഎംപിഐ സംസ്ഥാന സെക്രട്ടറി ടി.എൽ.സന്തോഷ്, മുൻഎംഎൽഎ അഡ്വ.ഷാനിമോൾ ഉസ്മാൻ, കുമരകം നെല്ല് ഗവേഷണ കേന്ദ്രം മുൻ ഡയറക്ടർ ഡോ.കെ.ജി.പത്മകുമാർ, സംവിധായകൻ കവിയൂർ ശിവപ്രസാദ്, രാജഗോപാൽ വാകത്താനം, തിരുമൂലപുരം മഹാത്മാഗ്രന്ഥശാലയുടെ പ്രതിനിധി കോശി, ജനകീയ പ്രതിരോധ സമിതി സംസ്ഥാനവൈസ് പ്രസിഡന്റ് ടി.ബി.വിശ്വനാഥൻ, ജോർജ്ജ് മാത്യു കൊടുമൺ, എംസിപിഐയു നേതാക്കളായി പി.കൃഷ്ണമ്മാൾ, ശ്രീകുമാർ, ഡെന്നിസ് തുടങ്ങിയവരും ആദരാഞ്ജലികൾ അർപ്പിച്ചു. മുൻമന്ത്രി വി.എം.സുധീരൻ, എഐസിസി ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാൽ, ഡോ. ഗീവർഗീസ് മാർ കൂറിലോസ്, ആർജെഡി സെക്രട്ടറി ജനറൽ ഡോ.വർഗീസ് ജോർജ്, ആലപ്പുഴ മെഡിക്കൽ കോളജിലെ ന്യൂറോളജിസ്റ്റ് ഡോ.സി.വി.ഷാജി, ഐഎംഎ ജില്ലാ പ്രസിഡന്റ് ഡോ. എ.പി.മുഹമ്മദ്, കെജിഎംഒഎ സൗത്ത് സോൺ പ്രസിഡന്റ് ഡോ.സാബു സുഗതൻ, കവി കരീപ്പുഴ ശ്രീകുമാർ, ആർഎംപിഐ കേന്ദ്രകമ്മിറ്റിയംഗം കെ.എസ്.ഹരിഹരൻ, വെൽ

(ശേഷം 5-ാം പേജിൽ)







കെ.കെ.രമ എംഎൽഎ, എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി ജയ്സൺ ജോസഫ്, പൊളിറ്റ്ബ്യൂറോ അംഗം അമിതാവ ചാറ്റർജി എന്നിവർ സംസ്ഥാന കമ്മിറ്റി അംഗങ്ങളോടൊപ്പം അന്ത്യയാത്രയിൽ. മുൻഎംപി ഡോ.കെ.എസ്.മനോജ്, കേന്ദ്രകമ്മിറ്റി അംഗവും തമിഴ്നാട് സംസ്ഥാന സെക്രട്ടറിയുമായ സഖാവ് എ.രംഗസാമി എന്നിവർ അന്ത്യോപചാരം അർപ്പിക്കുന്നു.

(3-ാം പേജിൽ നിന്ന്)

ലേക്ക് ജനങ്ങളുടെ പ്രതിഷേധങ്ങളെ ജനകീയ പ്രതിരോധ സമിതി ആനയിച്ചു. പിന്നീട് സംസ്ഥാനത്ത് ഉയർന്നുവന്ന ഏതാണ്ട് എല്ലാ ജനകീയസമരങ്ങളുടെയും ആശയനേതൃത്വമായി പ്രതിരോധ സമിതി ഉയർന്നു.

വിദ്യാഭ്യാസരംഗത്തെ വിധ്വംസകപദ്ധതിയായ ഡിപിഇപിക്കെതിരെ ജനകീയ പ്രതിരോധ സമിതി വളർത്തിയെടുത്ത, ഏറ്റവും ബൃഹത്തായ വിദ്യാഭ്യാസ പ്രക്ഷോഭത്തിന്റെ അമരക്കാരൻ ഡോ.വി. വേണുഗോപാലായിരുന്നു. ഡിപിഇപി മുന്നോട്ടുവെച്ച എല്ലാ ഗൂഢപദ്ധതികളെയും തുറന്നു കാണിച്ചുകൊണ്ട് 'ഡിപിഇപിയുടെ അകം പൊരുൾ' എന്ന കൃതി രചിക്കുന്നതിന് അദ്ദേഹം നേതൃത്വം നൽകി. ചിരപ്രതിഷ്ഠങ്ങളായ വിദ്യാഭ്യാസ സങ്കല്പങ്ങളെയും തത്വങ്ങളെയും മുറുകെപ്പിടിച്ച് മുന്നേറാൻ വിദ്യാഭ്യാസ സ്നേഹികൾക്കാകെ പ്രചോദനമായി മാറി ആ രചന. പിന്നീട് സർക്കാർ രൂപപ്പെടുത്തിയ പാഠ്യപദ്ധതി പരിഷ്കരണ സമിതിയിൽ ഡോ.വി.വേണുഗോപാൽ ഔദ്യോഗിക അംഗമായി.

**സഖാവ് വി.വേണുഗോപാലിന് ലാൽസലാം**

സ്വാതന്ത്ര്യ സമര സേനാനികളുടെയും നവോത്ഥാന നായകരുടെയും ജീവിതസമരവും പാഠങ്ങളും ആഴത്തിൽ സ്വാംശീകരിച്ച വേണുഗോപാൽ യുവതലമുറയ്ക്ക് അവ പകർന്നു കൊടുക്കുന്നതിൽ വിശ്രമരഹിതമായ പ്രയത്നമാണ് നടത്തിയത്. നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ജന്മശതാബ്ദി വേളയിൽ, അദ്ദേഹത്തിന്റെ സംവിധാന മേൽനോട്ടത്തിൽ, നേതാജിയുടെ ജീവിത സമരത്തെ ആധാരമാക്കി രൂപപ്പെടുത്തിയ നാടകം സംസ്ഥാനത്തിനകത്തും പുറത്തുമായി തൊണ്ണൂറോളം വേദികളിൽ അവതരിപ്പിക്കപ്പെട്ടു.

ആലപ്പുഴയിലെ നിർദ്ധനരായ മൽസ്യത്തൊഴിലാളികൾക്കും കർഷകത്തൊഴിലാളികൾക്കും സാധാരണക്കാർക്കും കുറഞ്ഞ ചെലവിൽ വൈദ്യസഹായം നൽകിക്കൊണ്ട് കഴിഞ്ഞ നാലുപതിറ്റാണ്ടായി അമ്പലപ്പുഴയിൽ പ്രവർത്തിക്കുന്ന സൂര്യ ആശുപത്രിയുടെ സ്ഥാപകൻ സഖാവ് വി. വേണുഗോപാലാണ്. പാവപ്പെട്ടവരോട് കലർപ്പില്ലാത്ത സഹാനുഭൂതിയുംസ്നേഹവും അദ്ദേഹത്തിനുണ്ടായിരുന്നു. നിരവധിയായ പുരസ്കാരങ്ങൾ നേടി നിലകൊള്ളുന്ന ഈ ആതുരാലയം ജനങ്ങൾക്കായി സഖാവ് വേണുഗോപാൽ സമർപ്പിച്ച അഭിമാനകരമായ സ്ഥാപനമാണ്.

## മാതൃകായോഗ്യമായ വ്യക്തിത്വം

വേർപാടിനുമുമ്പുള്ള 33 മാസം സഖാവ് പൂർണ്ണമായും രോഗകിടക്കയിലായിരുന്നു. രോഗപീഡകളോട് അക്ഷോഭ്യമായി അദ്ദേഹം പൊരുതി. ഏതൊരാളുടെയും കണ്ണുകളെ ഈറനണിയിക്കുന്ന കാഴ്ചയായിരുന്നു അത്. ക്ഷീണാവസ്ഥയിലും സബോധമായി ഇടപഴകാൻ അവസരം ലഭിച്ചപ്പോഴെല്ലാം പാർട്ടി വിശേഷങ്ങളും സാമൂഹ്യവിഷയങ്ങളും അറിയാൻ അദ്ദേഹം അത്യുൽസാഹം കാട്ടി. സഖാക്കളെ കാണുമ്പോൾ, പാർട്ടി വാർത്തകൾ കേൾക്കുമ്പോൾ അദ്ദേഹം ആഹ്ലാദഭരിതനായി. രോഗത്തോട് മല്ലടിക്കുമ്പോഴും ശാരീരിക വ്യഥകൾ വർദ്ധിക്കുമ്പോഴും അദ്ദേഹത്തിന്റെ ദുർബലമായ ചിന്തയിലും വൈകാരികതയിലും നിറഞ്ഞുനിന്നിരുന്നത് പാർട്ടിയായിരുന്നു. ജീവന്റെ ഓരോ അംശത്തിലും വിപ്ലവം തുടിച്ചുനിന്നു. ആജീവനാന്തം വിപ്ലവകാരിയായി സഖാവ് വി.വേണുഗോപാൽ ജീവിച്ചു. പാർട്ടിയുമായി, തൊഴിലാളിവർഗ്ഗവുമായി എങ്ങിനെ താദാത്മ്യപ്പെടണമെന്ന് അദ്ദേഹം കാട്ടിത്തന്നു.

സഖാവ് വി.വേണുഗോപാലിന് പ്രണാമങ്ങൾ അർപ്പിക്കുകയെന്നാൽ, ആ ജീവിതസമരത്തെ പഠിക്കുകയെന്നാണർത്ഥം. ആദരിക്കുകയെന്നാൽ അദ്ദേഹം ജീവിതത്തിൽ അചഞ്ചലമായി പരിപാലിച്ച വിപ്ലവമൂല്യങ്ങൾ പകർത്തുക എന്നാണർത്ഥം.

സഖാവ് വി.വേണുഗോപാലിന് ലാൽസലാം!!! ■

# സഫലമായ വിപ്ലവ സമരത്തിന്റെ സ്മരണകൾ തുടിച്ചുനിന്ന അനുസ്മരണ സമ്മേളനം






അനുസ്മരണ സമ്മേളനത്തിൽ പൊളിറ്റ് ബ്യൂറോ അംഗം സഖാവ് അമിതാവ ചാറ്റർജി പ്രസംഗിക്കുന്നു. സദസ്സ്.

സഖാവ് വി.വേണുഗോപാലിന്റെ അർത്ഥപൂർണ്ണമായ ജീവിതസമരത്തെയും ആയുസ്സിലുടനീളം അദ്ദേഹം ഉയർത്തിപ്പിടിച്ച ഉയർന്ന ജനാധിപത്യ മൂല്യങ്ങളെയും സ്മരിച്ചുകൊണ്ട് സമൂഹത്തിന്റെ വിവിധ തുറകളിൽനിന്നായി നൂറുകണക്കിന് മനുഷ്യസ്നേഹികൾ അമ്പലപ്പുഴ ഐശ്വര്യ ആഡിറ്റോറിയത്തിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ പങ്കെടുത്തു. എസ്‌യുസിഐ (സി) സംസ്ഥാന സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് അധ്യക്ഷത വഹിച്ചു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ് ബ്യൂറോ അംഗം സഖാവ് കെ.രാധാകൃഷ്ണ മുഖ്യപ്രസംഗം നടത്തി. മഹാനായ ഏതൊരു നേതാവിനെയും സ്മരിക്കുന്നത് അനുഷ്ഠാനമല്ലെന്നും മറിച്ച് അവരുടെ ജീവിത പാഠങ്ങൾ നമ്മിലേക്ക് പകർത്താനുള്ള വിനയപൂർവമായ പരിശ്രമമാണെന്നും സഖാവ് കെ.രാധാകൃഷ്ണ അഭിപ്രായപ്പെട്ടു. ജനകീയ പ്രതിരോധ സമിതി എന്ന തനിമയാർന്ന ജനാധിപത്യ പ്രക്ഷോഭ വേദി സഖാവ് വി. വേണുഗോപാലിന്റെ ഉജ്ജ്വലമായ ഒരു സംഭാവനയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പാർട്ടി പ്രവർത്തനം ആരംഭിച്ച നാളുകളിൽ രാഷ്ട്രീയ-സംഘടനാ പാഠങ്ങളും മൂല്യങ്ങളും ഏറിയ പങ്കും താൻ ആർജ്ജിച്ചത് സഖാവ് വി.വേണുഗോപാലിൽ നിന്നാണെന്ന് പാർട്ടി കേന്ദ്രകമ്മിറ്റിയംഗം സഖാവ് കെ.ശ്രീധർ അഭിപ്രായപ്പെട്ടു. അസുഖബാധിതനായി ക്ഷീണിതനാകുന്നതുവരെ സംഘടനാ വിഷയങ്ങളിൽ മാർഗ്ഗോപദേശങ്ങൾ തേടി താൻ നിരന്തരം സഖാവ് വേണുഗോപാലിനെ ബന്ധപ്പെട്ടുമായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തീരമേഖലകളിലുൾപ്പെടെ എസ്‌യുസിഐ പ്രസ്ഥാനത്തിന് ശക്തമായ സംഘടനാസംവിധാനം രൂപപ്പെടുത്തിയതിൽ വി.വേണുഗോപാലിന്റെ പങ്ക് വളരെ വലുതാണെന്നും അദ്ദേഹത്തിന്റെ വിയോഗം എസ്‌യുസിഐ പ്രസ്ഥാനത്തിന് മാത്രമല്ല തൊഴിലാളിവർഗ്ഗത്തിനൊന്നാകെയുള്ള നഷ്ടമാണെന്നും അമ്പലപ്പുഴ എംഎൽഎ എച്.സലാം അഭിപ്രായപ്പെട്ടു.

നിയോ-ലിബറൽ നയങ്ങൾ വ്യാപാരമേഖലയെ തകർത്തപ്പോൾ അതിനെതിരെ സത്യസന്ധമായ പോരാട്ടത്തിന്റെ ശബ്ദമായി മാറിയ യൂണിറ്റി മാസിക സഖാവ് വേണുഗോപാൽ ഉൾപ്പെടെയുള്ള നേതാക്കളുടെ അനുപമമായ സൃഷ്ടിയായിരുന്നുവെന്ന് വ്യാപാരി വ്യവസായി ഏകോപനസമിതി സംസ്ഥാന വൈസ് പ്രസിഡന്റ് എ.ജെ.ഷാജഹാൻ അഭിപ്രായപ്പെട്ടു. എസ്‌യുസിഐ പ്രവർത്തകർ പ്രദർശിപ്പിക്കുന്ന ആശയപരമായ ഔന്നത്യം ഒന്നുമാത്രമാണ് അവരുമായി ഊഷ്മളമായ ബന്ധം നിലനിർത്താൻ തന്നെ പ്രേരിപ്പിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക മേഖലകളിൽനിന്നുള്ള നിരവധി പ്രമുഖർ സമ്മേളനത്തിൽ സഖാവ് വി.വേണുഗോപാലിനെ ഓർത്തെടുത്തു. എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പൊളിറ്റ് ബ്യൂറോ അംഗം സഖാവ് അമിതാവ ചാറ്റർജി, കേന്ദ്രകമ്മിറ്റിയംഗം സഖാവ് കെ.ശ്രീധർ, തമിഴ്നാട് സംസ്ഥാന സെക്രട്ടറി സഖാവ് എ.രംഗസാമി, മുസ്ലീംലീഗ് ആലപ്പുഴ ജില്ലാ ട്രഷറർ കമാൽ എം. മാക്കിയിൽ, ഡോ.ഡി. സുരേന്ദ്രനാഥ്, പ്രൊഫ.വിൻസെന്റ് മാളിയേക്കൽ, പ്രൊഫ.സൂസൻ ജോൺ, കരിമണൽ ഖനനവിരുദ്ധ ഏകോപനസമിതി പ്രസിഡന്റ് എസ്.സുരേഷ് കുമാർ, വെൽഫെയർ പാർട്ടി ആലപ്പുഴ ജില്ലാ പ്രസിഡന്റ് നാസർ ആറാട്ടുപുഴ, ജനകീയ പ്രതിരോധ സമിതി കോട്ടയം ജില്ലാ പ്രസിഡന്റ് ജോർജ്ജ് മുല്ലക്കര, കായംകുളം സോഷ്യൽ ഫോറം പ്രസിഡന്റ് അഡ്വ.ഒ. ഹാരിസ്, സെക്രട്ടറി ബി.ദിലീപൻ, ജേക്കബ് ഉമ്മൻ ജനതാദൾ(എസ്), ആർഎസ്‌പി ജില്ലാസെക്രട്ടറി അഡ്വ.ഉണ്ണികൃഷ്ണൻ, അഡ്വ.സനൽകുമാർ(കോൺഗ്രസ്) വ്യാപാരി വ്യവസായി സമിതി അമ്പലപ്പുഴ യൂണിറ്റ് പ്രസിഡന്റ് തോമസ് കണ്ടഞ്ചേരി, ഡോ.കെ.പി.ഗോദകുമാർ തുടങ്ങിയവരും പ്രസംഗിച്ചു.

സംസ്ഥാനകമ്മിറ്റിയംഗവും ആലപ്പുഴ ജില്ലാ സെക്രട്ടറിയുമായ സഖാവ് എസ്. സീതിലാൽ സ്വാഗതവും സംസ്ഥാനകമ്മിറ്റിയംഗവും കൊല്ലം ജില്ലാ സെക്രട്ടറിയുമായ സഖാവ് ഷൈല കെ.ജോൺ കൃതജ്ഞതയും രേഖപ്പെടുത്തി. ■

(4-ാം പേജിൽ നിന്ന്)

## സഖാവ് വി.വേണുഗോപാലിന് ലാൽസലാം

ഫെയർ പാർട്ടി സംസ്ഥാന പ്രസിഡന്റ് റസാഖ് പാലേരി, ഡോ.പി.ഗീത, കെ.ആർ. മീര, ഇ എസ് ഐ ഡോക്ടേഴ്സിന്റെ പ്രതിനിധി ഡോ.സി.ടി.അഗസ്റ്റിൻ മർത്തോമ സഭ പരിസ്ഥിതി വിഭാഗം കൺവീനർ ഫാ.വി.എം. മാത്യു തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി.

കേരളത്തിലെ വിവിധ ജനകീയ സമരപ്രസ്ഥാനങ്ങളുടെ നേതാക്കളും പ്രതിനിധികളും അന്തിമോപചാരം അർപ്പിക്കാൻ എത്തിച്ചേർന്നു. കേരളത്തിലെ പ്രമുഖ ജനകീയ സമരനേതാക്കളായ ഡോ.ഡി.സുരേന്ദ്രനാഥ്, എൻ.സുബ്രഹ്മണ്യൻ, എം.സുൽഫത്ത്, ഡോ.വിൻസെന്റ് മാളിയേക്കൽ, പ്രൊഫ.ഫിലിപ്പ് എൻ.തോമസ്, വിളപ്പിൽശാല ജനകീയ സമിതിക്കുവേണ്ടി എസ്. ബുർഹാൻ, എൽ.ഹരിറാം എന്നിവരും ചെങ്ങറ സമരഭൂമിക്കുവേണ്ടി സാധുജനവിമോചനസംയുക്തവേദി സെക്രട്ടറി ബേബി ചെരുപ്പിട്ടകാവ്, കരിമണൽ ഖനനവിരുദ്ധ ഏകോപനസമിതി പ്രസിഡന്റ് എസ്. സുരേഷ്കുമാർ, ജനറൽകൺവീനർ ആർ.അർജുനൻ, മൂലമ്പിള്ളി കോഓർഡിനേഷൻ കമ്മിറ്റി കൺവീനർ പി.പി.വിത്സൺ, കുട്ടിക്കൽ പ്രളയബാധിതരുടെ അതിജീവന കൂട്ടായ്മ പ്രസിഡന്റ് ഗോപി മാടപ്പാട്ട്, പൊന്തൻപുഴ സമരസമിതി പ്രതിനിധി ഉഷ ഹരിദാസ്, കെ റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന ചെയർമാൻ എം.പി.ബാബുരാജ്, രക്ഷാധികാരി കെ.ശൈവപ്രസാദ്, കോട്ടയം ജില്ലാ രക്ഷാധികാരി വി.ജെ.ലാലി, കോട്ടയം ജില്ലാ ചെയർമാൻ ബാബു കുട്ടൻചിറ, പത്തനംതിട്ട ജില്ലാകൺവീനർ മുരുകേശ് നടയ്ക്കൽ, സിന്ധു ജയിംസ്, ജയമണി, അഖിലേന്ത്യ സേവ് എഡ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന പ്രസിഡന്റ് പ്രൊഫ.ജോർജ്ജ് ജോസഫ്, കെഎസ്ഇബി വർക്കേഴ്സ് യൂണിയൻ നേതാവ് സന്തോഷ്, കെഎസ്ആർടിസിവർക്കേഴ്സ്ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി എം.എൻ.അനിൽ, മുത്തൂറ്റ് ഗ്രൂപ്പ് ഇൻവെസ്റ്റേഴ്സ് അസ്സോസിയേഷൻ പ്രതിനിധി തോമസ്, ഐഎൻപിഎ സംസ്ഥാന വൈസ് പ്രസിഡന്റുമാർ എം.വി. ചെറിയാൻ, നന്ദനൻ വലിയപറമ്പിൽ, മദ്യവിരുദ്ധ ജനകീയ മുന്നണി പ്രസിഡന്റ് എ.പി.നൗഷാദ്, കൺവീനർ സി.എ. ലോറൻസ്, എസ്എൻഡിപി യൂണിയൻ പ്രസിഡന്റ് എം.ടി.മധു, ശാസ്ത്രസാഹിത്യ പരിഷത് നേതാവ് എസ്.ആർ.ശ്രീകുമാർ തുടങ്ങിയവരും അന്തിമോപചാരം അർപ്പിച്ചു. കരിച്ചി സർക്കാർ ആശുപത്രി സംരക്ഷണ സമിതി, മുട്ടം ദയ സാംസ്കാരിക സമിതി, ഗ്രീൻ കോർണർ തുടങ്ങിയ പ്രസ്ഥാനങ്ങളെ പ്രതിനിധീകരിച്ചും അന്തിമോപചാരം അർപ്പിക്കപ്പെട്ടു. പതിനാല് പാർട്ടി ജില്ലാഘടകങ്ങളെയും പ്രതിനിധീകരിച്ച് സെക്രട്ടറിമാർ, എഐയുടിയുസി, എഐഡിഎസ്ഒ, എഐഡിവൈഒ, എഐഎംഎസ്എസ്, ബാനർ സാംസ്കാരിക സമിതി, എഐകെകെഎംഎസ് തുടങ്ങിയ സംഘടനകളെ പ്രതിനിധീകരിച്ചും അന്തിമോപചാരം അർപ്പിച്ചു. *യൂണിറ്റി* എഡിറ്റോറിയൽ ബോർഡിനുവേണ്ടി സഖാവ് ജ്യോതി കൃഷ്ണൻ അന്ത്യാഭിവാദ്യം അർപ്പിച്ചു. എംബിബിഎസ് ബിരുദധാരിയെങ്കിലും സമൂഹത്തിന്റെ രോഗത്തെ ചികിത്സിക്കാൻ ജീവിതമുഴിഞ്ഞുവച്ച സഖാവിന്റെ സഹപാഠികളും ഐഎംഎ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.മദനമോഹനൻ നായർ, ആലപ്പുഴ ബ്രാഞ്ച് സെക്രട്ടറി ഡോ.എൻ.അരുൺ, ഡോ.മനീഷ് നായർ, ഐഎംഎ ട്രഷറർ ഡോ.ഷാജിഹാൻ ഹമീദ്, റിട്ട.എഡിഎച്ച്എസ് ഡോ. മുരളീധരൻപിള്ള, ഡോ.ഹരിഹരൻ, ഡോ.പി. യു.ബൈജു, കെജിഎംസിടിഎ നേതാവ് ഡോ.പി.എസ്.ഷാജഹാൻ, ഡോ. ഹമീദ്, ഡോ.ജയശ്രീ, ആലപ്പുഴ മെഡിക്കൽ കോളേജ് അസ്സോസിയേറ്റ് പ്രൊഫസർ ഓഫ് മെഡിസിൻ ഡോ. ആർ.എൻ.കെ.ശങ്കർ, ഐഎംഎ വനിതാ വിംഗിന്റെ നേതാവ് ഡോ. ഷാലിമ കൈരളി തുടങ്ങി മെഡിക്കൽ സമൂഹത്തിലെ നിരവധി വ്യക്തിത്വങ്ങളും ധന്യമായ ആ ജീവിതത്തെ ആദരിക്കാൻ എത്തിയിരുന്നു.

സഖാവ് വി.വേണുഗോപാൽ സ്ഥാപിച്ച് വളർത്തിയെടുത്ത സൂര്യ ഹോസ്പിറ്റലിൽ, അദ്ദേഹത്തെ മൂന്നുവർഷം പരിചരിച്ച ഏവരുടെയും പ്രിയങ്കരനായ ഡോക്ടർ കെ.പി. ഗോദകുമാറും വൈദഗ്ദ്ധ്യത്തോടെയും അളവറ്റ സ്നേഹവാത്സല്യങ്ങളോടെയും അദ്ദേഹത്തെ പരിചരിച്ച നഴ്സ് അൽ അമീൻ മുഹമ്മദും സഖാവ് വേണുഗോപാലിനെ പരിചരിക്കാൻ നിയോഗിക്കപ്പെട്ട 37 അംഗ വോളന്റിയർ സംഘത്തിന്റെ ഇൻചാർജ് ആർ.മാളുവും സീനിയർ നഴ്സ് സിസ്റ്റർ ത്രേസ്യാമ്മയുടെ നേതൃത്വത്തിൽ സൂര്യ ആശുപത്രിയിലെ മറ്റ് ജീവനക്കാരും ആദരാഞ്ജലികൾ അർപ്പിക്കാനെത്തി.

സഖാവ് വേണുഗോപാലിന്റെ മാതൃകാപരമായ വിപ്ലവജീവിതത്തെയും അവഗണിക്കാനാവാത്ത ഒരു രാഷ്ട്രീയശക്തിയായി കേരളത്തിൽ പാർട്ടിയെ വളർത്തിയെടുക്കുവാൻ സഖാവ് വി.വേണുഗോപാൽ നടത്തിയ പരിശ്രമങ്ങളെയും അനുസ്മരിച്ചുകൊണ്ട് പാർട്ടി സംസ്ഥാന സെക്രട്ടറിയും കേന്ദ്രകമ്മിറ്റിയംഗവുമായ സഖാവ് ജയ്സൺ ജോസഫ് വിടവാങ്ങൽ പ്രസംഗം നടത്തി. തുടർന്ന് കൊംസമോൾ സഖാക്കൾ ഗാർഡ് ഓഫ് ഓണർ നൽകി.

സഖാവ് വി.വേണുഗോപാലിന് ലാൽസലാം മുദ്രാവാക്യങ്ങൾ ഉച്ചത്തിൽ മുഴങ്ങവേ ഭൗതികശരീരം അമ്പലപ്പുഴ സെന്ററിൽ ഒരുക്കിയ ചിതയിലേക്ക് എടുക്കപ്പെട്ടു. മൃതദേഹത്തിൽ പുതപ്പിച്ചിരുന്ന ചെമ്പതാക കോംസോമോൾ വോളണ്ടിയർമാർ ആചാരപൂർവ്വം എടുത്തുമാറ്റി, സംസ്ഥാന സെക്രട്ടറിസഖാവ്ജയ്സൺജോസഫിന് കൈമാറി. നിയന്ത്രിക്കാനാവാത്ത ദുഃഖഭാരത്തോടെ വിപ്ലവപന്ഥാവിൽ വിട്ടുവീഴ്ചയില്ല എന്ന പ്രതിജ്ഞയോടെ സഖാക്കൾ മടങ്ങി. ■

# എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക

## എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് കൽക്കത്തയിൽ നടത്തിയ വാർത്താസമ്മേളനം

**പാ**ർലമെന്റ് തിരഞ്ഞെടുപ്പിൽ പണമൊഴുക്കി പ്രചാരണം നടത്തുകയാണ് ഭരണ-പ്രതിപക്ഷ പാർട്ടികൾ. ബൂർഷ്വ ജനാധിപത്യ വ്യവസ്ഥയിൽ ഏതെങ്കിലുമൊരു ബൂർഷ്വ പാർട്ടി വിജയിക്കുമെന്ന്




തരുവനന്തപുരം പാർലമെന്റ് മണ്ഡലം സ്ഥാനാർത്ഥി എസ്.മിനിയെ വിജയിപ്പിക്കുവാനാഹ്വാനം ചെയ്തുകൊണ്ട് ബാലരാമപുരത്ത് നടന്ന ബഹുജന കൺവൻഷൻ ബി.ആർ.പി.ഭാസ്കർ ഉദ്ഘാടനം ചെയ്യുന്നു.

കമ്മ്യൂണിസ്റ്റുകൾക്കറിയാം. ജന്മിത്ത വ്യവസ്ഥയ്ക്ക് അന്ത്യംകുറിച്ച് പാർലമെന്ററി ജനാധിപത്യം രംഗപ്രവേശം ചെയ്തപ്പോൾ ജനങ്ങളുടെ റിപ്പബ്ലിക് സ്ഥാപിക്കുന്ന എന്നാണ് ഉദ്ഘോഷിച്ചത്. അതിന്റെ പുരോഗമന ഉള്ളടക്കമെല്ലാം ഇന്ന് ചോർന്നുപോയിരിക്കുന്നു. അവശിഷ്ടങ്ങൾ മാത്രമാണിന്ന് ഉള്ളത്. ഇന്ന് എല്ലാ സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങളിലും




മാവേലിക്കര പാർലമെന്റ് മണ്ഡലം സ്ഥാനാർത്ഥി സഖാവ് കെ.ബിമൽജി മാന്നാറിൽ നടന്ന യോഗത്തിൽ പ്രസംഗിക്കുന്നു.

ഫാസിസ്റ്റ് ഏകാധിപത്യമാണ് വ്യത്യസ്ത രൂപത്തിൽ നിലനിൽക്കുന്നത്. മുതലാളിത്തം ഉദയംചെയ്ത കാലത്ത് ഉയർത്തിയ "ജനങ്ങൾക്കുവേണ്ടി, ജനങ്ങളാൽ നടത്തപ്പെടുന്ന, ജനങ്ങളുടെ ഭരണം", "സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം" എന്നീമുദ്രാവാക്യങ്ങളൊക്കെ ഇന്ന് പുസ്തകത്താളുകളിൽ ഒതുങ്ങുകയാണ്. അവയൊക്കെ ആർഭാടപൂർവ്വം കുഴിച്ചുമൂടിക്കഴിഞ്ഞു. ഇന്ന് ജനവിധിയല്ല ഭരണമുതലാളിവർഗത്തിന്റെ വിധിയാണ് നടക്കുന്നത്. ജനങ്ങളല്ല, പണവും മാദ്ധ്യമങ്ങളും ഉദ്യോഗസ്ഥ സംവിധാനവും കൈയൂക്കുമാണ് ആര് ജയിക്കുമെന്ന് തീരുമാനിക്കുന്നത്.

തിരഞ്ഞെടുപ്പിൽ ബിജെപി നയിക്കുന്ന എൻഡിഎയും കോൺഗ്രസ് നയിക്കുന്ന 'ഇൻഡ്യ' സഖ്യവുമാണ് പ്രധാനമത്സരക്കാർ. പൊള്ളയായ വാഗ്ദാനങ്ങളും നോട്ടുകെട്ടുകളുമായാണ് ഈ രണ്ടുകൂട്ടരും മത്സരരംഗത്ത് വരികയെന്ന് അനുഭവിച്ചറിഞ്ഞവരാണ് നമ്മൾ. ബിജെപി നേതൃത്വം അവകാശപ്പെടുന്നത് അവർ രാമരാജ്യം സ്ഥാപിക്കുകയാണെന്നത്രെ. കഴിഞ്ഞ പത്ത് വർഷക്കാലത്തെ ഭരണത്തിൽ പ്രകടമാംവിധം വികസനം കൈവരിച്ചുവെന്നും അവർ അവകാശപ്പെടുന്നു. വികാസം നേടിഎന്നത് ശരിതന്നെ. എന്നാൽ ആര് ? ഭീമൻ കുത്തക കുടുംബങ്ങളും ബഹുരാഷ്ട്ര കോർപ്പറേറ്റുകളും. ജനങ്ങളെ പിഴിഞ്ഞൂറ്റി അവർ ലാഭം കുന്നുകൂട്ടി. ഇന്നും അത് തുടരുന്നു. എല്ലാ വികസനത്തിനും പിന്നിൽ ഡബിൾ എൻജിൻ ഭരണമാണെന്ന് അവർ പറയുന്നു. പ്രധാനമന്ത്രി നരേന്ദ്രമോദിയും ആഭ്യന്തരമന്ത്രി അമിത് ഷായും ഓടിക്കുന്ന എൻജിനുകളായിരിക്കും. ഈ വണ്ടിയിലെ ബോഗികൾ കൈയടക്കിയിരിക്കുന്നത് അദാനി, അംബാനി, ടാറ്റ, മിത്തൽ, ജിൻഡാൽ പോലെയുള്ളവരാണെന്നു മാത്രം. ഈ ഡബിൾ എൻജിൻ വണ്ടിയുടെ ചക്രത്തിനടിയിൽപ്പെട്ട് ദരിദ്രരായ ഇന്ത്യക്കാർ ചതഞ്ഞരയുകയാണുതാനും.

കുത്തകകളുടെ ലാഭം വാനോളം ഉയരുമ്പോൾ രാജ്യം കോടിക്കണക്കിന് തൊഴിൽരഹിതരെക്കൊണ്ട് നിറയുകയാണ്. വ്യവസായശാലകൾ അടച്ചുപൂട്ടുമ്പോൾ അവരുടെ അണി പെരുകിക്കൊണ്ടിരിക്കുന്നു. വ്യവസായരംഗം കുത്തകകളുടെ സമ്പൂർണ്ണ നിയന്ത്രണത്തിലാണ്. ചെറുകിട-ഇടത്തരം സ്ഥാപനങ്ങളൊക്കെ അടഞ്ഞുപോകുകയാണ്. മൊത്തവ്യാപാരം മാത്രമല്ല ചില്ലറവ്യാപാരവും ബഹുരാഷ്ട്ര കുത്തകകളുടെ നിയന്ത്രണത്തിലായിക്കൊണ്ടിരിക്കുന്നു. റെയിൽവേ, ബാങ്ക്, തുറമുഖം എന്നീ സുപ്രധാന മേഖലകളൊക്കെ കുത്തകകൾക്ക് തളികയിൽ വച്ച് നൽകുമ്പോൾ അവർ ഭീമമായ ലാഭമാണ് കൊയ്യെടുക്കുന്നത്. ഇടത്തരം കുടുംബങ്ങൾ ഇന്ന് വലിയ തകർച്ചയെയാണ് നേരിടുന്നത്. വിലകൾ കുതിച്ചുയരുന്നു. നികുതികൾ വർദ്ധിക്കുന്നു. രാമരാജ്യത്തിൽ കേന്ദ്ര ഗവണ്മെന്റ് കുറഞ്ഞ വിലയ്ക്ക് വിദേശത്തുനിന്ന് ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്തിട്ട് പെട്രോളും ഡീസലുമൊക്കെ വലിയ വിലയ്ക്ക് വിറ്റ് കൊള്ളലാഭമടിക്കുന്നു. പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധന വിലക്കയറ്റത്തിനും കാരണമാകുന്നു. ജനങ്ങൾക്കുമേൽ വലിയ നികുതിഭാരം അടിച്ചേല്പിക്കുമ്പോൾ മുതലാളിമാർക്ക് വലിയ നികുതി ഇളവുകൾ നൽകുന്നു. നികുതി അടക്കുന്നതിൽ വീഴ്ചവരുത്തുന്ന അവരോട് മഹാമനസ്കത കാണിക്കുന്നു.

വിദേശത്ത് നിക്ഷേപിച്ചിരിക്കുന്ന കള്ളപ്പണം പിടിച്ചെടുത്ത് എല്ലാവർക്കും 15 ലക്ഷം രൂപവീതം അക്കൗണ്ടിലിട്ടു നൽകും, വർഷംതോറും രണ്ട് കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കും, അഞ്ച് വർഷംകൊണ്ട് കർഷകരുടെ ആദായം ഇരട്ടിയാക്കും തുടങ്ങിയ തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങളെക്കുറിച്ച് ചോദിച്ചപ്പോൾ ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞത് അതൊക്കെ തിരഞ്ഞെടുപ്പ് തന്ത്രങ്ങളാണ് എന്നത്രെ. സത്യത്തിൽ അവരുടെ എല്ലാ വാഗ്ദാനങ്ങളും വെറും തന്ത്രങ്ങൾ തന്നെ. വിദേശത്ത് കള്ളപ്പണം കുമിഞ്ഞു കൂട്ടുന്നുണ്ടെങ്കിലും അവ കണ്ടുകെട്ടാൻ ഇവർക്ക് ഒരു ഉത്സാഹവുമില്ല. സത്യത്തിൽ കള്ളപ്പണം കൈകാര്യം ചെയ്യുന്നവരും ജനങ്ങൾ കഷ്ടപ്പെട്ട് സമ്പാദിച്ച പണം ബാങ്കുകളിൽനിന്ന് കവർന്നെടുക്കുന്നവരുമൊക്കെ വിദേശത്ത് കഴിയുന്നത് സർക്കാരിന്റെ ഒത്താശയോടെ തന്നെയാണ്. താനൊട്ട് തിന്നുകയുമില്ല, മറ്റുള്ളവരെ തിന്നാൻ അനുവദിക്കുകയുമില്ല എന്ന ചൊല്ല്

| സംസ്ഥാനത്ത് മത്സരിക്കുന്ന മണ്ഡലങ്ങളും സ്ഥാനാർഥികളും | |
|---|---|
| തിരുവനന്തപുരം | എസ്.മിനി |
| കൊല്ലം | ട്വിങ്കിൾ പ്രഭാകരൻ |
| മാവേലിക്കര | കെ.ബിമൽജി |
| ആലപ്പുഴ | ആർ.അർജുനൻ |
| കോട്ടയം | വി.പി.കൊച്ചുമോൻ |
| എറണാകുളം | എ.ബ്രഹ്മകുമാർ |
| ചാലക്കുടി | ഡോ.എം.പ്രദീപൻ |
| കോഴിക്കോട് | ഡോ.എം.ജ്യോതിരാജ് |

ഇപ്പോൾ പുതിയ അർത്ഥത്തിലാണ് പ്രയോഗിക്കുന്നത്. മറ്റ് പാർട്ടികളിലെ അഴിമതിക്കാരായ നേതാക്കളെ സ്വന്തം പാളയത്തിലെത്തിക്കാനും സ്വന്തം നേതാക്കളുടെ അഴിമതി മൂടിവയ്ക്കാനും ഇഡി,



കൊല്ലം മണ്ഡലത്തിലെ സ്ഥാനാർത്ഥി സഖാവ് ട്വിങ്കിൾ പ്രഭാകരൻ പ്രചാരണത്തിനിടയിൽ.

സിബിഐ പോലുള്ള ഏജൻസികളെ ഉപയോഗിക്കുകയാണിന്ന് ബിജെപി ഭരണം.

അതേസമയം, തൊഴിലില്ലായ്മയുടെയും പട്ടിണിയുടെയും യാതനകൾ സഹിക്കാനാവാതെ പലരും ആത്മഹത്യ ചെയ്യുകയാണ്. ധാരാളമാളുകൾ പ്രവാസി തൊഴിലാളികളായി മറ്റുസ്ഥലങ്ങളിലേക്ക് പോകുന്നു. സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്താൻ ഗവണ്മെന്റ് ഒരു നടപടിയും കൈക്കൊള്ളുന്നില്ല. ഇതും തൊഴിലില്ലായ്മ പെരുകാൻ കാരണമാകുന്നു. സ്ഥിരംതൊഴിലിനു പകരം കുറഞ്ഞ വേതനം നൽകിയും തൊഴിൽ സമയം നിജപ്പെടുത്താതെയുമുള്ള കരാർ തൊഴിൽ പൊതു-സ്വകാര്യ മേഖലകളിൽ ആരംഭിച്ചുകഴിഞ്ഞു. രൂക്ഷമായ തൊഴിലില്ലായ്മ മൂലം ജീവൻ പണയപ്പെടുത്തിയും വിദേശത്ത് തൊഴിൽ ചെയ്യാൻ തയ്യാറായി രാജ്യംവിടുന്ന യുവാക്കളുടെ എണ്ണം വർദ്ധിക്കുകയാണ്. യുക്രൈനെതിരെ റഷ്യയ്ക്കുവേണ്ടി യുദ്ധംചെയ്യാൻ ഇന്ത്യൻ യുവാക്കളെ റിക്രൂട്ട് ചെയ്ത ഏജൻസികളുമുണ്ട്. പലസ്തീനുമേൽ കിരാതമായ ആക്രമണം നടത്തുകയും നിരപരാധികളായ ജനങ്ങളെ കൊന്നൊടുക്കുകയും ചെയ്യുന്ന ഇസ്രായേലിൽ നിർമ്മാണ കമ്പനികളിൽ പണിയെടുക്കാനായി യുവാക്കളെ അയക്കാൻപോലും ഇന്ത്യാ ഗവണ്മെന്റ് തയ്യാറായി. ആഹാരത്തിനുവേണ്ടി ശരീരം വിൽക്കാൻ തയ്യാറാകുന്ന സ്ത്രീകളുടെ എണ്ണവും കൂടിവരികയാണ്. പെൺവാണിഭം തഴച്ചുവളരുകയാണ്. ആയിരക്കണക്കിന് സ്ത്രീകളെ കാണാതാകുന്നു. അവരെവിടെയാണെന്ന് ആർക്കുമറിയില്ല. ബലാൽസംഗവും കൂട്ടബലാൽസംഗവും നിത്യസംഭവങ്ങളായിട്ടുണ്ട്. ഇക്കാര്യത്തിൽ രാമക്ഷേത്രം നിർമ്മിച്ച ബിജെപി ഭരിക്കുന്ന ഉത്തർപ്രദേശാണ് ഒന്നാമത്.

കുട്ടികൾ ബാലവേലയ്ക്കായി വിൽക്കപ്പെടുന്നു. ഇന്ത്യയിൽ രണ്ട് കോടി കുട്ടിത്തൊഴിലാളികളുണ്ട്. കടക്കെണിയിലും മറ്റുംപെട്ട് ലക്ഷക്കണക്കിന് കർഷകരും ദരിദ്രരും ആത്മഹത്യ ചെയ്യുന്നു. ആഗോള പട്ടിണി സൂചികയിൽ ഇന്ത്യയ്ക്ക് ഏതാണ്ട് ഏറ്റവും താഴത്തെ സ്ഥാനമാണുള്ളത്. എന്തൊരു ഭീകരാവസ്ഥയാണ്. ലക്ഷക്കണക്കിനാളുകൾ ഭവനരഹിതരാണ്, തീർത്തും നിസ്വരാണ്. അവർ വഴിയോരങ്ങളിൽ അന്തിയുറങ്ങുന്നു. റെയിൽവേ ട്രാക്കുകളുടെ ഇരുവശവും ചെറിയ ഷെഡ്ഡുകൾ കാണാം. ഇവരുടെ എണ്ണവും പെരുകിക്കൊണ്ടിരിക്കുകയാണ്. ബിജെപിയുടെ രാമരാജ്യത്തിലെ മറ്റൊരു കാഴ്ചയാണിത്.



മത്സ്യത്തൊഴിലാളികൾക്കിടയിൽ വോട്ട് അഭ്യർത്ഥിച്ചുകൊണ്ട് ആലപ്പുഴ പാർലമെന്റ് മണ്ഡലത്തിലെ സ്ഥാനാർത്ഥി സഖാവ് ആർ.അർജ്ജുനൻ.

സ്വാതന്ത്ര്യാനന്തരം പതിറ്റാണ്ടുകൾ ഭരിച്ച കോൺഗ്രസ് മുതലാളിവർഗ താല്പര്യാർത്ഥം രാജ്യത്ത് ഫാസിസത്തിന് അടിത്തറപാകി. മുതലാളിവർഗത്തെ സേവിക്കുന്ന ബൂർഷ്വാ പാർട്ടികൾ

(ശേഷം 7–ാം പേജിൽ)

# കോർപ്പറേറ്റുകൾക്കുവേണ്ടി രാജ്യം മുടിക്കുന്ന ബിജെപി ഭരണത്തെ പുറത്താക്കുക

(1–ാം പേജിൽ നിന്ന്)

ഫാസിസത്തിന്റെ നടത്തിപ്പുകാരായിരിക്കും. ദേശീയ പാർട്ടികൾ മാത്രമല്ല പ്രാദേശിക ബൂർഷ്വാ പാർട്ടികളും ഫാസിസ്റ്റ് സ്വഭാവം പ്രകടിപ്പിക്കും. കോൺഗ്രസ് പാകിയ ഫാസിസത്തിന്റെ അടിത്തറ ബിജെപി കൂടുതൽ ബലപ്പെടുത്തി. ഇതിനായി, റാംമോഹൻ, വിദ്യാസാഗർ, ഫൂലേ തുടങ്ങിയ നവോത്ഥാന നായകർ ഊട്ടിവളർത്തിയ യുക്തിസഹവും ശാസ്ത്രീയവുമായ ചിന്താപ്രക്രിയ ബിജെപി തകർക്കുകയാണ്. ഉജ്ജ്വലമായ ആ പാരമ്പര്യം തകർത്തുകൊണ്ട് ബിജെപി ഹിന്ദുത്വ മുദ്രാവാക്യവുമായി രാജ്യത്തെ മതാന്ധതയുടെയും മതഭ്രാന്തിന്റെയും ഇരുണ്ടകാലത്തേക്ക് മടക്കിക്കൊണ്ടുപോകുകയാണ്. ശാസ്ത്രീയ–ജനാധിപത്യ മനോഘടന തകർത്ത് യാഥാസ്ഥിതികത്വവും മതാന്ധതയും ഊതിപ്പെരുപ്പിക്കുകയാണ്. ശാസ്ത്രത്തിന്റെ സാങ്കേതിക വശങ്ങളും ആത്മീയതയും ലയിപ്പിച്ച് അവർ ഫാസിസത്തിന്റെ സാംസ്കാരിക അടിത്തറ ഒരുക്കുന്നു. ഈ ലക്ഷ്യത്തോടെയാണ് ശാസ്ത്രത്തിന്റെ പല സുപ്രധാന കണ്ടുപിടിത്തങ്ങളും പാഠഭാഗങ്ങളിൽനിന്ന് ഒഴിവാക്കുന്നത്. ഇത്തരം കണ്ടുപിടിത്തങ്ങളൊക്കെ പുരാതന കാലത്തുതന്നെ ഭാരതത്തിൽ സംഭവിച്ചതാണെന്നും ഹിന്ദു മതഗ്രന്ഥങ്ങളിലും ഇതിഹാസങ്ങളിലുമൊക്കെ ഇത് വിവരിക്കുന്നുണ്ടെന്നുമൊക്കെയുള്ള പൊള്ളയായ അവകാശവാദങ്ങൾ നിരത്തി അവർ ചരിത്രം വളച്ചൊടിക്കുന്നു. ദേശീയ വിദ്യാഭ്യാസ നയം 2020ന്റെ പേരിൽ വിദ്യാഭ്യാസത്തെത്തന്നെ കശാപ്പുചെയ്യുകയാണ്. അതോടൊപ്പം മതാന്ധത വളർത്തി ജനങ്ങളിൽ വർഗീയമായ ചേരിതിരിവുകൾ സൃഷ്ടിക്കുകയും ഭ്രാതൃഹത്യയിലേക്ക് നാടിനെ നയിക്കുകയും ചെയ്യുന്നു.

ആർഎസ്എസും ബിജെപിയുടെ പൂർവ്വരൂപമായ ഹിന്ദു മഹാസഭയും സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടില്ല എന്ന കാര്യം ഓർക്കണം. എന്നു മാത്രമല്ല, ദേശീയമായ ഏകോപനത്തിലൂടെ ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ സ്വാതന്ത്ര്യസമരം പിന്തിരിപ്പനാണെന്നും ആദരണീയരായ സ്വാതന്ത്ര്യ സമര സേനാനികൾ 'രാജ്യത്തിന്റെ ശത്രുക്കളാ'ണെന്നുംവരെ പറഞ്ഞുവയ്ക്കുന്നു. അതായത് ദേശബന്ധു ചിത്തരഞ്ജൻ, ലാലാ ലജ്പത്റായ്, ബാലഗംഗാധര തിലക്, നേതാജി, ഭഗത്സിംഗ് തുടങ്ങിയ സ്വാതന്ത്ര്യ പോരാളികളൊക്കെ പിന്തിരിപ്പന്മാരും രാജ്യദ്രോഹികളുമാണെന്നർത്ഥം. രാജ്യത്തെ ജനങ്ങൾ ഇത് അംഗീകരിക്കുമോ? മാത്രമല്ല, മതാടിസ്ഥാനത്തിലുള്ള ദേശീയത എന്ന ആശയം മുന്നോട്ടുവച്ചതും രാജ്യത്തിന്റെ വിഭജനത്തിനായി ആദ്യം വാദിച്ചതും ഹിന്ദുമഹാസഭ നേതാവായിരുന്ന സവർക്കറായിരുന്നു എന്ന കാര്യവും ഓർക്കണം.




ഡോ.എം.ജ്യോതിരാജിനെ വിജയിപ്പിക്കുവാനാഹ്വാനംചെയ്ത് കോഴിക്കോട് കൂട്ടാലിയടയിൽ നടന്ന യോഗത്തിൽ എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റി അംഗം സഖാവ് കെ.ഉമ പ്രസംഗിക്കുന്നു.




സഖാവ് എ.ബ്രഹ്മകുമാറിന്റെ തിരഞ്ഞെടുപ്പ് പ്രചാരണാർത്ഥം നടന്ന എറണാകുളം പാർലമെന്റ് മണ്ഡലം കൺവൻഷൻ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.

ബാബറി മസ്ജിദ് പണിതത് രാമജന്മഭൂമിയിലാണെന്നോ പള്ളി പൊളിക്കണമെന്നോ ചൈതന്യനോ രാമകൃഷ്ണ പരമഹംസനോ വിവേകാനന്ദനോ ഒന്നും ഒരിക്കലും പറഞ്ഞിട്ടില്ല. വേദങ്ങളിലോ ഉപനിഷത്തുകളിലോ ഒന്നും രാമനെക്കുറിച്ച് പറയുന്നുമില്ല. തീർത്തും സങ്കുചിതമായ തിരഞ്ഞെടുപ്പ് താല്പര്യംമുൻനിർത്തിയാണ് ബിജെപി ബാബറി മസ്ജിദ് തകർത്തതും രാമക്ഷേത്രം പണിതതും. ഹിന്ദു മതാചാര്യന്മാരായ നാല് ശങ്കരാചാര്യന്മാർ രാമക്ഷേത്ര നിർമ്മാണത്തെ പാപമായാണ് വിശേഷിപ്പിച്ചത്. അപ്പോൾ ആരാണ് ഹിന്ദുമതത്തിന്റെ യഥാർത്ഥ വക്താക്കൾ? ആർഎസ്എസ്–ബിജെപി ശക്തികളോ, വിവേകാനന്ദനടക്കമുള്ളവരോ?

ഹിന്ദുത്വ മുദ്രാവാക്യമുയർത്തുന്ന ബിജെപി ഹിന്ദു വോട്ടുബാങ്ക് സൃഷ്ടിക്കുവാനും മതവൈരം വളർത്തി വർഗീയ കലാപങ്ങൾ ആസൂത്രണംചെയ്യുവാനും ജനാധിപത്യ മുന്നേറ്റങ്ങളെ ശിഥിലമാക്കാനുമാണ് ലക്ഷ്യംവയ്ക്കുന്നത്. ജനാധിപത്യ സമരങ്ങളെ ബിജെപി നിർദ്ദാക്ഷിണ്യം അടിച്ചമർത്തുന്നു. ഡൽഹിയിൽ നടന്ന ഐതിഹാസികമായ കർഷക സമരത്തിൽ 700ലേറെപ്പേർ രക്തസാക്ഷികളായി. അവശേഷിക്കുന്ന ജനാധിപത്യ തത്വങ്ങളും വ്യവസ്ഥകളും തുടച്ചുനീക്കാനും അഭിപ്രായ സ്വാതന്ത്ര്യം നിഷേധിക്കാനുമാണ് ബിജെപി ശ്രമിക്കുന്നത്. പ്രതിഷേധങ്ങളെ ദേശവിരുദ്ധവും രാജ്യദ്രോഹവുമായി ചിത്രീകരിക്കുകയും പ്രതിഷേധിക്കുന്നവരെ ജയിലിലടക്കുകയും ചെയ്യുന്നു. മാദ്ധ്യമപ്രവർത്തകരെപ്പോലും വെറുതെ വിടുന്നില്ല. ജുഡീഷ്യറിയുടെ അധികാരവും സ്വയംഭരണാവകാശവും വെട്ടിക്കുറച്ച് ഭരണാധികാരമാകെ സ്വന്തം ഗവണ്മെന്റിൽ കേന്ദ്രീകരിക്കാനാണ് ബിജെപി ശ്രമിക്കുന്നത്. സുപ്രധാന സ്ഥാനങ്ങളിലെല്ലാം ആർഎസ്എസുകാരെ തിരുകിക്കയറ്റിക്കഴിഞ്ഞു. ഇതെല്ലാം ഫാസിസത്തെ ശക്തിപ്പെടുത്തുന്ന നടപടികളാണ്.

കാർബൺ ഡൈ ഓക്സൈഡും മീഥേനുംപോലുള്ള ഹരിതഗൃഹ വാതകങ്ങൾ യാതൊരു നിയന്ത്രണവുമില്ലാതെ പുറന്തള്ളുന്നതുവഴി ആഗോള താപനം വർദ്ധിക്കുകയും ഇത് ഉത്തര-ദക്ഷിണ ധ്രുവങ്ങളിലെയും ഹിമാലയത്തിലെയുംമറ്റും മഞ്ഞുരുകുന്നതിന് കാരണമാകുകയും അതുവഴി കടലിലെ

## SUCI(C) സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക

ജലനിരപ്പ് ഉയരുകയും കടൽവെള്ളത്തിന്റെ ഊഷ്മാവ് ഉയരുകയും ചെയ്യുന്നു. പല ഭൂഭാഗങ്ങളും കടലിനടിയിലാകാൻ ഇത് കാരണമാകുന്നു. കൂടിയ ചൂടും കൂടിയ അളവിലുള്ള മഴയുമൊക്കെയായാണ് ഈ കാലാവസ്ഥാ മാറ്റം പ്രകടമാകുന്നത്. ഉഷ്ണകാലത്തിന്റെ ദൈർഘ്യവും കൂടിയിട്ടുണ്ട്. ഭൂതലമാകെ വലിയ അളവിൽ ചൂടുപിടിക്കുകയാണ്. ശാസ്ത്രജ്ഞർ ആവർത്തിച്ച് മുന്നറിയിപ്പ് നൽകിയിട്ടും സാമ്രാജ്യത്വ-മുതലാളിത്ത വർഗ താല്പര്യം സംരക്ഷിക്കുന്നതിനായി ഇന്ത്യയോ മറ്റേതെങ്കിലും മുതലാളിത്ത രാജ്യമോ ഈ കാലാവസ്ഥാ



ചാലക്കുടി മണ്ഡലം സ്ഥാനാർത്ഥി ഡോ.എം.പ്രദീപൻ അങ്കമാലിയിൽ പ്രചാരണത്തിൽ.

മാറ്റത്തെ പ്രതിരോധിക്കുന്നതിനും മനുഷ്യരാശിയെ രക്ഷിക്കുന്നതിനുമുള്ള ഒരു നടപടിയും സ്വീകരിക്കുന്നില്ല.

ഇത്തരം ജനവിരുദ്ധ നയങ്ങൾ, ഫാസിസ്റ്റ് നടപടികൾ, എല്ലായിടത്തും പാർട്ടി ആധിപത്യം സ്ഥാപിക്കൽ, എതിർശബ്ദങ്ങളെ അമർച്ച ചെയ്യൽ, തീവ്ര ഹിന്ദുവർഗീയ മനോഭാവം വളർത്തൽ തുടങ്ങിയവയൊക്കെമൂലം മുതലാളിവർഗത്തിന്റെ ഏറ്റവും വിശ്വസ്ത രാഷ്ട്രീയ പാർട്ടിയായ ബിജെപി ഈ തിരഞ്ഞെടുപ്പിൽ പരാജയപ്പെടണം.



സഖാവ് വി.പി.കൊച്ചുമോൻ കോട്ടയം നഗരത്തിൽ വോട്ട് അഭ്യർത്ഥിക്കുന്നു.

മറുവശത്ത് കോൺഗ്രസും മുതലാളിവർഗത്തിന്റെ വിശ്വസ്ത രാഷ്ട്രീയ പാർട്ടി തന്നെ. ദീർഘകാലം രാജ്യംഭരിച്ചപ്പോൾ അവരും മുതലാളിത്ത ചൂഷണവും കൊള്ളയും തീവ്രമാക്കുന്ന നടപടികളാണ് കൈക്കൊണ്ടത്. അവർ ഒരിക്കലും മതേതര നിലപാട് സ്വീകരിച്ചിട്ടില്ല. സ്വാതന്ത്ര്യസമര കാലത്തുടനീളം സർവ്വമത സൗഹാർദമെന്ന ഗാന്ധിയൻ കാഴ്ചപ്പാട് പിന്തുടർന്ന കോൺഗ്രസ് ഹിന്ദു മതോന്മുഖമായ, ഉയർന്ന ജാതി മേധാവിത്വപരമായ ദേശീയതയാണ് ഊട്ടിവളർത്തിയത്. സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം കോൺഗ്രസ് ഭരണകാലത്തും ഇതുതന്നെ തുടർന്നു. മതേതര മാനവികത മതത്തിൽനിന്ന് മുക്തമായ സങ്കല്പമാണ്. അതായത്, ഒരു ജനാധിപത്യ സമൂഹത്തിൽ രാഷ്ട്രീയം, സാമ്പത്തികം, വിദ്യാഭ്യാസം, സംസ്കാരം, സാമൂഹ്യബന്ധങ്ങൾ തുടങ്ങിയവയിലൊന്നും മതം ഇടപെടാൻ പാടില്ല എന്നാണ് മതേതരത്വം പറയുന്നത്. മതം സ്വകാര്യ വിശ്വാസ പ്രമാണമായിരിക്കണം. കോൺഗ്രസ് ഇത് ഒരിക്കലും നടപ്പിൽ വരുത്തിയിട്ടില്ല. നേതാജി, ഭഗത് സിംഗ്, രവീന്ദ്രനാഥ്, പ്രേംചന്ദ്, നസ്രുൾ, സുബ്രഹ്മണ്യഭാരതി എന്നിവരൊക്കെ ഇത്തരമൊരു ആശയം ഉയർത്തിപ്പിടിച്ചവരാണ്.

കോൺഗ്രസ് ഭരണകാലത്ത് കർഷകരുടെയും തൊഴിലാളികളുടെയും മറ്റ് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെയും സമരങ്ങൾ ക്രൂരമായി അടിച്ചമർത്തപ്പെട്ടു. അടിയന്തരാവസ്ഥ അടിച്ചേൽപ്പിച്ചു. ടാഡ, എസ്മ, മിസ, അഫ്സ്പ, യുഎപിഎ തുടങ്ങിയ കരിനിയമങ്ങൾ ഏർപ്പെടുത്തി. ബിജെപി ഭരണം ഈ കിരാത നിയമങ്ങൾ കൂടുതൽ കർക്കശമാക്കി. അതുകൊണ്ടുതന്നെ മുതലാളിവർഗ സേവ നടത്തുന്ന കോൺഗ്രസിനെ ജനങ്ങൾക്ക് പിന്തുണയ്ക്കാനാവില്ല.

ഏതാനും സീറ്റുകൾക്കുവേണ്ടി സിപിഐ(എം), സിപിഐ പാർട്ടികൾ കോൺഗ്രസിനെ മതേതര-ജനാധിപത്യ പാർട്ടിയായി ചിത്രീകരിച്ചുകൊണ്ട് 'ഇൻഡ്യ' സഖ്യത്തിൽ ചേർന്നിരിക്കുന്നത് ഖേദകരമാണ്. രണ്ട് ബൂർഷ്വാ പാർട്ടികൾ തമ്മിൽ അധികാരത്തിനായി മത്സരിക്കുമ്പോൾ ചെയ്യേണ്ടിയിരുന്നത് ഇടതുപക്ഷത്തിന്റെ സമ

(ശേഷം 8–ാം പേജിൽ)

# ജനകീയ സമര രാഷ്ട്രീയത്തെ ശക്തിപ്പെടുത്തുക

(7-ാം പേജിൽ നിന്ന്)

രധാരയെ ശക്തിപ്പെടുത്തിക്കൊണ്ട്വർഗ-ബഹുജനപ്രക്ഷോഭങ്ങൾ തീവ്രമാക്കുകയും ആ പ്രക്ഷോഭത്തിന്റെ ഭാഗമായി തിരഞ്ഞെടുപ്പിൽ മത്സരിക്കുകയുമായിരുന്നു. ഞങ്ങൾ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും സിപിഐ(എം)ഉം കൂട്ടരും ഇത് ചെവിക്കൊള്ളാൻ തയ്യാറായില്ല. അവർ ഏകപക്ഷീയമായി ആറ് ഇടതുപക്ഷ പാർട്ടികളുടെ സഖ്യം പിരിച്ചുവിട്ടു. അത്തരമൊരു സഖ്യം വളർന്നുവന്നിരുന്നെങ്കിൽ ബൂർഷ്വ ശക്തികൾക്കെതിരായ ഒരു തൊഴിലാളിവർഗ ബദൽ ഉയർന്നുവരുമായിരുന്നു. എസ്‌യുസിഐ(സി) വിപ്ലവകരമായ ഇടതുപക്ഷീയത വളർത്തിയെടുക്കാൻ വേണ്ടി നിലകൊള്ളുമ്പോൾ സിപിഐ(എം), സിപിഐ പോലുള്ള പാർട്ടികൾ പാർലമെന്ററി താല്പര്യം മുൻനിർത്തിയുള്ള പരിഷ്കരണവാദപരമായ ഇടതുപക്ഷമായി നിലയുറപ്പിച്ചിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം.

**SUCI(C) സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക**

ബംഗാളിൽകഴിഞ്ഞ 34വർഷം നടത്തിയ ഭരണത്തിലൂടെ ബംഗാളിന്റെ ഉജ്ജ്വലമായ ഇടതുപക്ഷ സമര പാരമ്പര്യത്തെ സിപിഐ (എം) കളങ്കപ്പെടുത്തിയിരിക്കുന്നു. ആ അവസരം മുതലെടുത്താണ് തൃണമൂൽ കോൺഗ്രസ് അധികാരത്തിലെത്തിയത്. അവർ കൊണ്ടുവന്ന മാറ്റം സ്വജനപക്ഷപാതത്തിലൂന്നിയ ഭരണം സ്ഥാപിച്ചു എന്നതാണ്. അവരും സിപിഐ (എം) ഭരണത്തെപോലെതന്നെ സർവ്വമേഖലകളും പാർട്ടിയുടെ വരുതിയിലാക്കി. പോലീസും ഉദ്യോഗസ്ഥ സംവിധാനവും പാർട്ടിയുടെ ആജ്ഞാനുവർത്തികളായി. ഗുണ്ടകളെ വളർത്തിയെടുത്തു. അക്രമവും കൃത്രിമവും നടത്തി തിരഞ്ഞെടുപ്പ് വിജയങ്ങൾ ഉറപ്പാക്കി. ജനാധിപത്യ സമരങ്ങൾ അടിച്ചമർത്തി. അഴിമതിയിൽ മുങ്ങി. ഇതെല്ലാം നിർബാധം തുടരുന്നു. പെൺവാണിഭത്തിൽ പശ്ചിമബംഗാൾ ഒന്നാമതാണ്. സിപിഐ(എം) ഭരണകാലത്ത് സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാനെന്ന പേരിൽ മദ്യഷാപ്പുകൾക്ക് ഓപ്പൺ ലൈസൻസ് നൽകിയിരുന്നു. ടിഎംസി ഭരണത്തിൽ അത് വർദ്ധിച്ചതേയുള്ളൂ. മോഷണം, കൊള്ള, പിടിച്ചുപറി, തട്ടിപ്പ്, സ്ത്രീകളെ അപമാനിക്കൽ, ബലാൽസംഗങ്ങളിവയൊക്കെ നിയന്ത്രണമേതുമില്ലാതെ മുന്നേറുന്നു. ഭരണകക്ഷിയുടെ ഒത്താശയുള്ളതുകൊണ്ട് ഒരു കുറ്റവാളിയും നിയമത്തിന്റെ മുന്നിലെത്തുന്നില്ല. കേന്ദ്ര ഗവണ്മെന്റ് പെട്രോളിയത്തിന്മേൽ അധിക നികുതികൾ അടിച്ചേല്പിക്കുമ്പോൾ സംസ്ഥാനം സെസ്സ് ഏർപ്പെടുത്തുന്നു. മറ്റ സംസ്ഥാനങ്ങളെപ്പോലെ തന്നെ വിദ്യാഭ്യാസവും താറുമാറായിരിക്കുന്നു.



എഐഡിവൈഒ സംഘടിപ്പിക്കുന്ന സംസ്ഥാന യുവജന കലാജാഥയുടെ ഭാഗമായി കൊല്ലം കണ്ണനല്ലൂരിൽ അവതരിപ്പിച്ച തെരുവുനാടകം

യഥാർത്ഥത്തിൽ, മറ്റു മുതലാളിത്ത രാജ്യങ്ങളിലെപ്പോലെതന്നെ ഇന്ത്യയിലും ബൂർഷ്വാ രാഷ്ട്രീയം ഇരട്ടത്താപ്പുകാരും കള്ളന്മാരും വഞ്ചകരുമായ രാഷ്ട്രീയനേതാക്കൾക്കാണ് ജന്മം നൽകുന്നത്. മാദ്ധ്യമങ്ങളിൽ പ്രദർശിപ്പിച്ചും വലിയകട്ടൗട്ടുകൾ സ്ഥാപിച്ചും സർക്കാർ പദ്ധതികളുടെ പരസ്യങ്ങളിൽ സ്ഥാനമുറപ്പിച്ചുമൊക്കെ ഇവർ സ്വന്തം പ്രതിച്ഛായ മെച്ചപ്പെടുത്തിയെടുക്കാൻ ശ്രമിക്കുന്നു. അല്ലാത്ത പക്ഷം തങ്ങൾ പിന്തള്ളപ്പെട്ടു പോകുമെന്നവർ ഭയപ്പെടുന്നു. എന്നാൽ സ്വാതന്ത്ര്യസമര കാലത്ത് നേതാക്കൾക്ക് ഇത്തരം കുത്സിത മാർഗങ്ങളൊന്നും അവലംബിക്കേണ്ടി വന്നിട്ടില്ല. ജനങ്ങളുടെ മനസ്സിൽ ആദരവോടെ അവർ പ്രതിഷ്ഠിക്കപ്പെട്ടിരുന്നു.



കോഴിക്കോട് പാർലമെന്റ് മണ്ഡലം സ്ഥാനാർത്ഥി ഡോ.എം.ജ്യോതിരാജ് കോഴിക്കോട് മൊഫ്യൂസൽ ബസ്സ്റ്റാൻഡിൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ.

ജനങ്ങൾ ജീവിത ദുരിതങ്ങളിൽപ്പെട്ടുഴലുകയാണെന്ന് ഈ നേതാക്കൾക്കറിയാം. ഭിക്ഷക്കാരുടെ അവസ്ഥയിലേക്കെത്തുകയാണ് സാധാരണ ജനങ്ങൾ. പണമോ ആനുകൂല്യങ്ങളോ നൽകിയാൽ ഇവരെ വിലയ്ക്കെടുക്കാൻ കഴിയുമെന്ന് നേതാക്കൾ കണക്കുകൂട്ടുന്നു. എല്ലാ തിരഞ്ഞെടുപ്പിലും ഇത് നടക്കുന്നുണ്ട്. മതിയായ രാഷ്ട്രീയ ധാരണയില്ലാത്തതിനാൽ ജനങ്ങൾ കബളിപ്പിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു. ജനങ്ങൾ ഈ സ്ഥിതിയിൽ തുടരേണ്ടത് പാർട്ടികളുടെയും ആവശ്യമാണ്. അപ്പോഴാണ് മാദ്ധ്യമ പ്രചാരണങ്ങളിലൂടെയും പണംകൊടുത്തും മറ്റുമൊക്കെ അവരെ എളുപ്പത്തിൽ കബളിപ്പിക്കാൻ കഴിയുക.



കോട്ടയം പാർലമെന്റ് മണ്ഡലത്തിലെ സ്ഥാനാർത്ഥി സഖാവ് വി.പി. കൊച്ചുമോന്റെ തിരഞ്ഞെടുപ്പ് പ്രചാരണാർത്ഥം പാമ്പാടിയിൽ നടന്ന യോഗത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് എസ്.രാജീവൻ പ്രസംഗിക്കുന്നു.

നമ്മുടേത് ഒരു വർഗ-വിഭജിത സമൂഹമാണെന്ന വസ്തുത ജനങ്ങൾ തിരിച്ചറിയണം. ഒരു വശത്ത് ചൂഷക മുതലാളിവർഗവും മറുവശത്ത് ചൂഷിതരും മർദ്ദിതരുമായ ജനകോടികളും. ഇവർക്ക് പൊതുവായ താല്പര്യമുണ്ടാകാൻ സാദ്ധ്യമല്ല. കൂടുതൽ നിർദ്ദയമായ ചൂഷണത്തിന് മുതലാളിവർഗം ശ്രമിക്കുമ്പോൾ ചൂഷണത്തിൽനിന്ന് മുക്തി നേടാനാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. അതുകൊണ്ടുതന്നെ രാഷ്ട്രീയവും രണ്ടുതരമുണ്ട്. ചൂഷണവാഴ്ച നിലനിർത്താൻ സഹായിക്കുന്നതും മുതലാളിത്തവാഴ്ച അന്ത്യംകുറിക്കാൻവേണ്ടി നിലകൊള്ളുന്നതും. തൊഴിലാളിവർഗ പാർട്ടി ഒഴികെയുള്ളതെല്ലാം മുതലാളിത്ത വ്യവസ്ഥയുടെ സംരക്ഷകരായ പ്രസ്ഥാനങ്ങളാണ്. മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന, പൊരുതുന്ന ഇടതുപക്ഷീയതയുടെ മഹത്തായ കൊടിക്കൂറ ഉയർത്തിപ്പിടിക്കുന്ന എസ്‌യുസിഐ(സി) മാത്രമാണ് രാജ്യത്തെവിടെയും വർഗ-ബഹുജന സമരങ്ങൾ വളർത്തിയെടുക്കാൻ പരിശ്രമം നടത്തുന്നത്. അത് തുടരുകയും ചെയ്യും. ഒരു വിപ്ലവത്തിലൂടെ മുതലാളിത്തത്തെ കടപുഴക്കി സോഷ്യലിസം സ്ഥാപിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം. ബൂർഷ്വാ പാർലമെന്ററി ജനാധിപത്യത്തിലെ തിരഞ്ഞെടുപ്പുകൾവഴി ഇത് സാദ്ധ്യമല്ല. വർഗ-ബഹുജന സമരങ്ങൾ വളർത്തിയെടുക്കാൻ ശ്രമിക്കുമ്പോൾ ഡിമാന്റുകൾ നേടിയെടുക്കാൻ മാത്രമല്ല ജനങ്ങളെ രാഷ്ട്രീയ പ്രബുദ്ധരാക്കാനും അവരെ സംഘടിതരാക്കാനുംകൂടിഞങ്ങൾ ശ്രമിക്കുന്നു.

19 സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 151 മണ്ഡലങ്ങളിൽ ഞങ്ങൾ മത്സരിക്കുന്നു. കൂടാതെ അസംബ്ലി തിരഞ്ഞെടുപ്പിൽആന്ധ്രയിൽഅഞ്ചും ഒറീസയിൽ 28ഉം സീറ്റുകളിൽ മത്സരിക്കുന്നു. പാർട്ടിയുടെ കാഴ്ചപ്പാടുകൾ വ്യാപകമായി ജനങ്ങളിലെത്തിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തും. പാർട്ടി സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടാൽ ജനങ്ങളുടെ ആവശ്യങ്ങൾക്കായി പാർലമെന്ററി വേദികളിൽ പൊരുതുകയും ജനകീയ സമരങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യും. ജനങ്ങൾ ഈ കാഴ്ചപ്പാട് ഗൗരവത്തോടെ മനസ്സിലാക്കുമെന്നും പാർട്ടി സ്ഥാനാർത്ഥികളെ വിജയിപ്പിക്കുമെന്നും അതുവഴി ജനകീയ സമരങ്ങൾക്ക് കരുത്തുപകരുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ■



തിരുവനന്തപുരം പാർലമെന്റ് മണ്ഡലത്തിലെ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്)സ്ഥാനാർത്ഥി സഖാവ് എസ്.മിനി വോട്ട് അഭ്യർത്ഥിച്ചുകൊണ്ട് പ്രചാരണത്തിൽ.



മാവേലിക്കര പാർലമെന്റ് മണ്ഡലം സ്ഥാനാർത്ഥി സഖാവ് കെ.ബിമൽജി പ്രചാരണത്തിൽ.



പുന്നപ്ര എഞ്ചിനിയറിംഗ് ആന്റ് മാനേജ്മെന്റ് കോളേജിൽ ആലപ്പുഴ പാർലമെന്റ് മണ്ഡലം സ്ഥാനാർത്ഥി സഖാവ് ആർ.അർജ്ജുനൻ പ്രചാരണാർത്ഥം എത്തിയപ്പോൾ.



എറണാകുളം പാർലമെന്റ് മണ്ഡലം സ്ഥാനാർത്ഥി സഖാവ് എ.ബ്രഹ്മകുമാർ കൊച്ചി നഗരത്തിൽ പ്രചാരണത്തിൽ

# പ്രലോഭനങ്ങളും അധികാര സൗഭാഗ്യങ്ങളും നൽകി കൂറുമാറ്റം ആസൂത്രണം ചെയ്യുന്ന ബിജെപി

ഒരു വലതുപക്ഷ ഹിന്ദു വർഗ്ഗീയവാദ പ്രസ്ഥാനമായിരുന്ന ‘ജനസംഘ’ത്തിൽ നിന്നും കൂറുമാറിയ ചില ആളുകളെ ചേർത്തുകൊണ്ട് നടത്തിയ ഒരു കൺവൻഷനിലൂടെയാണ് 1980ൽ തീർത്തും ‘വ്യത്യസ്ഥമായ’ പാർട്ടിയാണെന്ന് അവകാശപ്പെട്ടുകൊണ്ട് ബിജെപി രൂപീകരിക്കുന്നത്. ഈ പുതിയ പാർട്ടി, അഴിമതിയും ജനവിരുദ്ധ നയങ്ങളും അടിച്ചമർത്തലുകളും അധികാരത്തിനായുള്ള നെറികെട്ട രാഷ്ട്രീയവും മുഖമുദ്രയാക്കിയ മറ്റ് പാർട്ടികളിൽ നിന്നും വ്യത്യസ്തമാണ് എന്ന തോന്നലുണ്ടാക്കാനാണവർ ശ്രമിച്ചത്. ഇപ്പോൾ 45 വർഷത്തിനു ശേഷം ഈ അവകാശപ്പെട്ട ‘വ്യത്യസ്തത’ എവ്വിധത്തിലാണ് പ്രകടമാവുന്നത്? അധികാര മോഹികളായ മറ്റ് ദേശീയ പ്രാദേശിക ബൂർഷ്വാ-പെറ്റി ബൂർഷ്വാ പാർട്ടികളിൽനിന്ന് എന്ത് വ്യത്യാസമാണ് അതിനുള്ളത്? അതോ ഇവരെല്ലാം ഒരേ തൂവൽ പക്ഷികളാണോ? വിവിധ മാനദണ്ഡങ്ങളിലൂടെയാണിത് നിർണ്ണയിക്കാൻ കഴിയുന്നത്. ഒട്ടും മനഃസാക്ഷിയില്ലാത്ത ഇക്കാലത്തെ പാർലമെന്ററി വ്യവസ്ഥയുടെ ഒരു മുഖമുദ്രയായി മാറിയിരിക്കുന്ന കൂറുമാറ്റത്തെ ആധാരമാക്കിയാണ് ഈ ചെറിയ ലേഖനം.

## ബീഹാറിൽ ഇരുപക്ഷത്തേക്കുമുള്ള മറുകണ്ടം ചാട്ടം

ബീഹാറിലെ സമീപകാല സംഭവങ്ങളിൽനിന്നും നമുക്ക് തുടങ്ങാം. ബീഹാറിലെ മുഖ്യമന്ത്രിയായ നിതീഷ് കുമാർ നിരവധി മറുകണ്ടം ചാടലുകൾക്കുശേഷം ബിജെപി നയിക്കുന്ന എൻഡിഎ യിൽ വീണ്ടും ചേക്കേറിയിരിക്കുന്നു. കുറഞ്ഞ കാലംകൊണ്ട് ഏറ്റവുമധികം തവണ ചുവടു മാറ്റിയ ആളെന്നുള്ള അസൂയാവഹമായ പദവിയാണ് അദ്ദേഹത്തിന് ലഭിച്ചിരിക്കുന്നത്. അദ്ദേഹം ജനതാ പാർട്ടിയുടെ ഘടകകക്ഷിയായ സോഷ്യലിസ്റ്റ് പാർട്ടിയിലുണ്ടായിരുന്നു, അതിനുശേഷം പിരിഞ്ഞുപോയി ആർജെഡിയിൽ. തുടർന്ന് ജെഡിയു രൂപീകരിക്കുന്നതിനായി ആർജെഡിയുമായുള്ള ബന്ധം വിച്ഛേദിച്ചു, പിന്നീട് ജെഡിയു, ജെഡി(എസ്) ആയി വിഭജിച്ചു. നിതീഷ് പിന്നീട് ജെഡിയുവിലെ ശരദ് ജാദവിൽ നിന്ന് വേർപിരിഞ്ഞ് ബിജെപിയുമായി കൈകോർത്തു. പിന്നെ ഈ കൂറുമാറ്റം നിരന്തരം തുടർന്നു. ഇടയ്ക്കുള്ള രണ്ട് പിളർപ്പുകൾക്കു ശേഷം ഒരുപക്ഷേ ഇത് മൂന്നാം തവണയാണ് അദ്ദേഹം ബിജെപി നയിക്കുന്ന എൻഡിഎയോട് ചേരുന്നത്. ഏകദേശം രണ്ട് വർഷം മുമ്പ് അദ്ദേഹം എൻഡിഎ വിട്ട് സംസ്ഥാന സർക്കാർ രൂപീകരിക്കാൻ ആർജെഡിക്കൊപ്പം പോയി. അദ്ദേഹം മുഖ്യമന്ത്രിക്കസേര നിലനിർത്തി. നിതീഷ് കുമാറിനെപ്പോലുള്ളവർക്കായി ഇനി മുതൽ എൻഡിഎയുടെ വാതിലുകൾ എന്നെന്നേക്കുമായി അടയ്ക്കപ്പെടുമെന്ന് ബിജെപിയിൽ രണ്ടാമനായ അമിത് ഷാ പ്രഖ്യാപിച്ചു. നിതീഷ് കഴിഞ്ഞ വർഷം ജനുവരി 30ന് മാധ്യമങ്ങളോട് പറഞ്ഞു, “എൻഡിഎയിലേക്ക് പോകുന്നതിനേക്കാൾ മരിക്കുന്നതാണ് നല്ലത്”. എന്നാൽ ഒടുവിൽ ബിഹാറിലെ ആർജെഡി-ജെഡി(യു)-കോൺഗ്രസ് സഖ്യം നിതീഷ് കുമാർ ഉപേക്ഷിച്ചു.

പ്രധാനമന്ത്രിയും അമിത് ഷായും ഉൾപ്പടെയുള്ള എല്ലാ ബിജെപി നേതാക്കളും നിതീഷിനെ സ്വാഗതം ചെയ്തു. അങ്ങനെ ബിജെപിയുടെ സമ്പൂർണ്ണ പിന്തുണയോടെ ബീഹാറിൽ 9-ാം തവണയും നിതീഷ് മുഖ്യമന്ത്രിയായി. ഈ അവസരവാദപരമായ നിറം മാറ്റ രാഷ്ട്രീയം ബിജെപിയുടെ ഏറെ പ്പാടിപുകഴ്ത്തപ്പെട്ട ‘വ്യത്യസ്ഥ’ സ്വഭാവത്തിന് മോടി കൂട്ടുന്നുണ്ടോ? ഇത് മോദിയുടെ ഗ്യാരണ്ടിയിൽ പെടുന്നതായിരിക്കുമോ? അപ്പോൾ, മറ്റ് പാർട്ടികളിലെ കൂറുമാറ്റക്കാർ ചേക്കേറുന്ന ബിജെപിയുടെ തനിനിറമെന്താണ്?

## കറുത്ത സത്വങ്ങളെന്ന് ബിജെപി സ്വയം കരുതുന്നവരോടും അവസരവാദ സഖ്യങ്ങൾ ഉണ്ടാക്കുന്നു

ബിജെപിയുടെ മനുവാദപരമായ(ജാതിശ്രേണിയെ ന്യായീകരിക്കുന്ന) രാഷ്ട്രീയത്തെ പണ്ടു മുതലേ എതിർത്തുകൊണ്ട് താണ ജാതി(ദളിത്) വികാരം ഊതിപ്പെരുപ്പിച്ച് ജാതിധ്രുവീകരണം നടത്തുന്ന പാർലമെന്ററി ബൂർഷ്വാ പാർട്ടിയാണ് മായാവതിയുടെ ബിഎസ്പി. ബിജെപി അനുവർത്തിക്കുന്ന ദളിത് വിരുദ്ധ വികാരം ഇന്നും പ്രകടമാണ്. ഇതെല്ലാം പഴങ്കഥയാക്കി മാറ്റിക്കൊണ്ടാണ് 2002ൽ യുപിയിൽ രണ്ടര വർഷം വീതം മുഖ്യമന്ത്രി പദം പങ്കിട്ടുകൊണ്ട് ബിജെപിയും ബിഎസ്പിയും മുന്നണി തട്ടിക്കൂട്ടിയത്.

അവസരത്തിനനുസരിച്ചുള്ള ബാന്ധവമെന്നല്ലാതെ മറ്റെന്താണ് അതിനെപ്പറ്റി പറയാൻ കഴിയുന്നത്? ബിജെപി അതിന്റെ ഹിന്ദുത്വത്തപ്പറ്റി വീമ്പിളക്കിക്കൊണ്ടാണ് മുസ്ലിം മതവിഭാഗത്തിനെതിരെ വെറുപ്പ് പടർത്തുന്നത്. പക്ഷേ 2018ൽ അധികാരം രുചിക്കാമെന്നായപ്പോൾ കാശ്മീരിൽ മെഹബൂബ മുഫ്തിയുടെ പിഡിപിയോടും പിന്നീട് നാഷണൽ കോൺഫറൻസിന്റെ ഒരു വിഭാഗത്തോടും ഇപ്പോൾ തകർന്നടിഞ്ഞ ജനതാദളിനോടും കൈകോർത്തിരിക്കുകയാണ്. പ്രധാന പ്രതിപക്ഷമായ കോൺഗ്രസിലെ നേതാക്കളെ ചാക്കിട്ടുപിടിച്ച് അവരെ മറുകണ്ടം ചാടിച്ച് കണ്ണമഞ്ഞളിപ്പിക്കുന്ന വാഗ്ദാനങ്ങളും മന്ത്രിസ്ഥാനവും രാജ്യസഭാ അംഗത്വവും നൽകുന്നതിനും അവർക്ക് മടി ഏതുമില്ല.

ചില സമീപകാല സംഭവങ്ങൾ നോക്കാം. 2019ലെ അസംബ്ലി തെരഞ്ഞെടുപ്പിൽ വിജയിച്ച, കോൺഗ്രസ് മുൻനേതാവായ മാധവറാവു സിന്ധ്യയുടെ മകൻ ജ്യോതിരാദിത്യ സിന്ധ്യ മുഖ്യമന്ത്രി സ്ഥാനം തനിക്കു നൽകാതെ കമൽനാഥിനു നൽകിയതിൽ കലഹിച്ചിരിക്കുകയായിരുന്നു. ആ സമയത്ത് ബിജെപിയുടെ കാര്യവാഹകന്മാർ സിന്ധ്യയേയും അനുയായികളെയും പാട്ടിലാക്കി തങ്ങളുടെ പക്ഷത്താക്കി. കൂറു പ്രകടിപ്പിക്കാൻ സിന്ധ്യയെ കേന്ദ്ര കാബിനറ്റ് മന്ത്രിയുമാക്കി. താമസിയാതെ ജിതിൻ പ്രസാദ എന്ന യുപിയിലെ യുവകോൺഗ്രസ് നേതാവും ബിജെപിയിൽ ചേർന്ന് മന്ത്രിയായി. ഗോവയിലെ 10 കോൺഗ്രസ് എംഎൽഎ മാരിൽ 3 പേർ ബിജെപിയിലേക്ക് കൂറുമാറുകയും ഉടനടി ക്യാബിനറ്റ് സ്ഥാനം നേടുകയും ചെയ്തു. അധികാരത്തോടുള്ള ആർത്തി തീരാത്ത പഴയ കോൺഗ്രസ്സുകാർക്കെല്ലാമുള്ള ഒരു താവളമാണ് ഇന്നത്തെ ബിജെപി. കോൺഗ്രസ് -എസ്പി സഖ്യത്തിൽ നിന്നു പിരിഞ്ഞ യുപിയിലെ ജയന്ത ചൗധരിയുടെ ആർഎൽഡി പോലുള്ള ചില പ്രാദേശിക കക്ഷികളും അടുത്ത തെരഞ്ഞെടുപ്പിലെ വിജയം പ്രതീക്ഷിച്ച് ബിജെപിയുമായി കൈകോർക്കുന്നു. പശ്ചിമ ബംഗാളിലെ സിപിഐ(എം)കാരായിരുന്ന മുൻമന്ത്രിയും എംപിയും എംഎൽഎമാരുമടക്കമുള്ള 15 പേർ ബിജെപിയിലേക്ക് കടന്നു കൂടിക്കൊണ്ട് ധാരാളം പ്രതിഫലം നേടുകയുണ്ടായി.

## ദ്വിമുഖ തന്ത്രങ്ങൾ

മറ്റ് പാർട്ടികളിൽനിന്നും ആളുകളെ കൂറുമാറ്റാനുള്ള ആസൂത്രണത്തിൽ ബിജെപി ഒരു ദ്വിമുഖ തന്ത്രമാണ് ആവിഷ്ക്കരിക്കുന്നത്. പണത്തിന്റെയും അധികാരത്തിന്റെയും ചൂണ്ടക്കു പുറമേ സമ്മർദ്ദതന്ത്രവും അവർക്ക് വശമുണ്ട്. നമുക്ക് അറിയാവുന്നതുപോലെ മരണാസന്നമായ ഈ മുതലാളിത്ത കാലഘട്ടത്തിൽ എല്ലാ പാർലമെന്ററി പാർട്ടികളും (അത് ദേശീയമായാലും പ്രാദേശികമായാലും) മുതലാളിവർഗ്ഗത്തിന്റെ വിശേഷിച്ച് കുത്തകമുതലാളിമാരുടെ താൽപര്യം സംരക്ഷിക്കുന്നവരാണ്. അവർ ഏതെങ്കിലും വിധത്തിലുള്ള അഴിമതിയിൽ ഉൾപ്പെട്ടിരിക്കാം. കൗശലക്കാരായ ബിജെപി നേതാക്കൾക്ക് ഇതറിയാം. സിബിഐ, ഇഡി, ഐടി, എൻഐഎ തുടങ്ങിയവയെല്ലാം കേന്ദ്രസർക്കാരിന്റെ ചൊൽപ്പടിയിൽ ആയതുകൊണ്ട് പ്രതിപക്ഷ പാർട്ടികളെയും നേതാക്കളെയും എളുപ്പത്തിൽ വിരട്ടാനും സമ്മർദ്ദത്തിലാക്കാനും ആ സ്ഥാപനങ്ങളെ ദുർവിനിയോഗം ചെയ്യുകയാണ്.

അതിനാൽ കണക്കുകൂട്ടൽ വളരെ ലളിതമാണ്. ബൂർഷ്വാ വോട്ടു രാഷ്ട്രീയത്തിൽ ചേരുന്നതിന്റെ ഉദ്ദേശംതന്നെ പണമുണ്ടാക്കുകയും അധികാരം ആസ്വദിക്കുകയുമാണ്. അതിനാൽ ഓരോ ബൂർഷ്വാ രാഷ്ട്രീയക്കാരനും ചില കറുത്ത പാടുകൾ ഉണ്ടാവും. നിയമവിരുദ്ധമായും സംശയകരമായുമുള്ള സമ്പാദ്യവുമുണ്ടാവും. ജനങ്ങൾ അതിനു സാക്ഷികളുമാണ്. കേന്ദ്ര ഏജൻസികളെ പല തവണ ദുർവിനിയോഗം ചെയ്ത ചരിത്രം പണ്ട് കോൺഗ്രസിന്റെ കാലം തൊട്ടേ ഉണ്ട്. അതിനാലാണ്, സിബിഐ കേന്ദ്ര സർക്കാരിന്റെ കൂട്ടിലടക്കപ്പെട്ട തത്തയായി തീർന്നിരിക്കുന്നുവെന്ന് പറയാൻ അപ്പക്സ് കോടതി നിർബ്ബന്ധിതമായത്. ബിജെപി ഭരണത്തിൽ അത് സർവ്വസാധാരണമായിരിക്കുന്നു. കേന്ദ്രത്തിനു മുന്നിൽ കീഴടങ്ങുന്ന പാർട്ടികളെയും നേതാക്കളെയും പലപ്പോഴും വെറുതെ വിടുകയും ഒഴിവാക്കുകയും ചെയ്യുന്നു. അല്ലാത്തവർ ഇരയാക്കപ്പെടുന്നു. ദീർഘനാൾ തടങ്കലിലാകുന്നു. അതിൽ വൻ കുംഭകോണങ്ങൾ നടത്തിയവരും അഴിമതിക്കാരും ഉണ്ടായെന്നിരിക്കും. പക്ഷേ ബിജെപിയോട് വിധേയരായാൽ എല്ലാ കുറ്റങ്ങളും മാപ്പാക്കപ്പെടും. ബിജെപി ഒരു വിഴുപ്പലക്കൽ യന്ത്രമായി ത്തീർന്നിരിക്കുന്നു!

ഉദാഹരണത്തിന് ഹേമന്തവിശ്വാസ് എന്ന മുൻ കോൺഗ്രസ് നേതാവ് ശാരദ ചിട്ടി അഴിമതിക്കേസിലെ കൊടും പ്രതിയായിരുന്നു. വേഷം മാറി ബിജെപിയായപ്പോൾത്തന്നെ അയാൾ ആസ്സാം മുഖ്യമന്ത്രിയായി. സർബനന്ദ് സൊനോവാലിന്റെ കാര്യവും ഏതാണ്ട് സമാനമാണ്. ആസാം ഗണപരിഷത്ത് അംഗമായിരുന്ന ഇയാളും അഴിമതിയിൽ കുടുങ്ങി. ബിജെപിയിൽ ചേർന്ന ഇയാൾ ഉടനെ തന്നെ ബിജെപിയുടെ കേന്ദ്രമന്ത്രിയായി മാറി. പശ്ചിമ ബംഗാളിൽ ഇപ്പോൾ ഭരിക്കുന്ന ടിഎംസിയിൽ ഒരു കാലത്ത് രണ്ടാമനായിരുന്ന മുകൾ റോയി ശാരദ കുംഭകോണത്തിൽ കുടുങ്ങിയിരുന്നു. അന്ന് ബിജെപി നേതാക്കൾ അയാളെ കള്ളന്മാരുടെ നേതാവെന്നാണ് വിളിച്ചിരുന്നത്. അതുപോലെ തന്നെയാണ് ശാരദ കൈക്കൂലിക്കേസിലെ തൃണമൂൽ അംഗമായിരുന്ന സുവേന്ദു അധികാരിയെന്നയാളും. ഒരു മിന്നൽ പരിശോധനയിൽ ഇയാൾ ഒരു വ്യക്തിയിൽ നിന്ന് ലക്ഷങ്ങൾ കൈക്കൂലി വാങ്ങിയതായി കണ്ടെത്തി. അന്വേഷണം നടക്കുന്ന വേളയിൽ ഇവർ രണ്ടും ബിജെപിയിൽ ചേർന്നു. കുറ്റവാളി പട്ടികയിൽ നിന്ന് ഇവർ രണ്ടും ഒഴിവാക്കപ്പെട്ടു. മുകൾ റോയി എംഎൽഎ ആയി. സുവേന്ദു അധികാരി ഇപ്പോൾ പശ്ചിമബംഗാളിലെ തീപാറുന്ന പ്രതിപക്ഷ നേതാവാണ്.

ശരത് പവാറിന്റെ മരുമകനും എൻസിപി നേതാവുമായ അജിത് പവാറും സിബിഐയുടെ അഴിമതിക്കേസ് നേരിട്ടിരുന്നു. കഴിഞ്ഞ മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പിനു ശേഷം മന്ത്രിസഭാ രൂപീകരണവുമായി ബന്ധപ്പെട്ട് അനിശ്ചിതത്വം നിലനിന്നിരുന്നു. അജിത് പവാറും കൂട്ടാളികളും രായ്ക്കുരാമാനം ബിജെപി നേതൃത്വം നൽകുന്ന എൻഡിഎയിൽ ചേരുകയും സർക്കാർ രൂപീകരിക്കുകയും ചെയ്തു. അജിത്തിന് ഉപമുഖ്യമന്ത്രിസ്ഥാനം നൽകുകയും അതോടെ എല്ലാ കുറ്റങ്ങളും സിബിഐയിൽ നിന്ന് അപ്രത്യക്ഷമാവുകയും ചെയ്തു. ആയിരക്കണക്കിനു കോടി രൂപയുടെ റിയൽ എസ്റ്റേറ്റ് കുംഭകോണം നടത്തിയ, രണ്ടു തവണ മഹാരാഷ്ട്ര മുഖ്യമന്ത്രിയായിരുന്ന അശോക് ചവാന്റെ കാര്യവും സമാനമാണ്. ബിജെപിയിൽ ചേർന്നപ്പോൾ കേസിൽനിന്ന് വിമുക്തനാവുകയും രാജ്യസഭാ സീറ്റ് സമ്മാനമായി കിട്ടുകയും ചെയ്തു. മറ്റൊരു കോൺഗ്രസ് നേതാവായ മിലിന്ദ് ദിയോറയും ഈ പാത പിൻതുടർന്ന് സൗത്ത് മുംബൈയിൽ മത്സരിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഇനിയുമേറെ ഉദാഹരണങ്ങളുണ്ട്. ഏതൊരു കുഞ്ഞിനും കാര്യങ്ങൾ മനസ്സിലാകും. ബിജെപിയിൽ ചേർന്നാൽ പിന്നെ ‘ക്ലീൻ ചിറ്റ്’ ലഭിക്കും. ഇങ്ങനെ ഭരണതലത്തിലെത്തുന്ന പാർട്ടിയും നേതാക്കളും എത്ര മാത്രം അവിശുദ്ധരും അധികാര മോഹികളുമായിരിക്കും? ഇവർക്ക് ജനങ്ങൾക്കുവേണ്ടി എന്തെങ്കിലും നല്ലത് ചെയ്യാനാവുമോ? കഴിയില്ല എന്ന് തീർത്തുപറയാം.

## ബിജെപി സീസറിന്റെ ഭാര്യ

ഭരിക്കുന്ന ബിജെപി നേതാക്കൾക്കോ അണികൾക്കോ ഇഡി, സിബിഐ, എൻഐഎ, ആദായ നികുതി റെയ്ഡ് ഭീഷണിയൊന്നുമില്ല. അവർ സീസറുടെ ഭാര്യയാണ്. എല്ലാത്തിനും മേലെ! അവർക്കെതിരെ നിരവധി ക്രിമിനൽ, അഴിമതി കേസുകളുണ്ട്. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ചവർ (ഉന്നാവോ, ജമ്മു), കൂട്ടബലാൽ സംഗത്തിനുശേഷം കൗമാരക്കാരിയെ ക്രൂരമായി കൊലപ്പെടുത്തിയവർ (ഹത്രാസ്, യുപി), പ്രതിഷേധിച്ച കർഷകരെ വധിച്ചവർ (ലഖിംപൂർ ഖേരി, യുപി) എല്ലാം ഇക്കൂട്ടത്തിലുണ്ട്. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര ജേതാക്കളായ ഗുസ്തി താരങ്ങളെ ലൈംഗികമായി ചൂഷണം ചെയ്ത കുറ്റമാണ് ബിജെപി എംപി ബ്രിജ് ഭൂഷൺ സിംഗിൽ ആരോപിക്കപ്പെട്ടിരിക്കുന്നത്. അമിത് ഷാ നയിക്കുന്ന കേന്ദ്രആഭ്യന്തര വകുപ്പ് ഒരു നടപടിയും സ്വീകരിച്ചില്ല. ജന്ദർ

(ശേഷം 10–ാം പേജിൽ)

# വിപ്ലവകാരികൾ തിരഞ്ഞെടുപ്പിനെ വീക്ഷിക്കുന്നതെങ്ങനെ?

**1970ലും 1974ലുമായി സഖാവ് ശിബ്ദാസ്ഘോഷ് നടത്തിയ രണ്ടു പ്രസംഗങ്ങളിലെ ചില ഭാഗങ്ങൾ. രാജ്യം ഒരു ലോക്സഭാ തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്ന ഈ സന്ദർഭത്തിൽ തിരഞ്ഞെടുപ്പ് വേള തൊഴിലാളിവർഗ്ഗ വിപ്ലവത്തിന് അനുപൂരകമാക്കുന്നതെങ്ങനെ എന്നതിലേക്ക് വെളിച്ചം വീശുന്നു.**

● ഈ വിഷയത്തെക്കുറിച്ച് മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തം എന്തു പറയുന്നുവെന്നു നോക്കാം. ജനങ്ങൾക്കിടയിൽ പാർലമെന്ററി വ്യാമോഹം നിലനില്ക്കുന്നു എന്നതുകൊണ്ടാണ് മാർക്സിസ്റ്റുകൾ പാർലമെന്റിലേക്കു പോകുന്നതെന്നാണ് മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തം പറയുന്നത്. പാർലമെന്ററി വ്യാമോഹം എന്നതിന്റെ അർത്ഥമെന്താണ്? വിപ്ലവത്തിന്റെ സഖ്യകക്ഷികളിൽപ്പെടുന്ന ജനാധിപത്യ ശക്തികളിലും തൊഴിലാളികളിലും കർഷകരിലും മധ്യവർഗ്ഗത്തിലും, കപടജനാധിപത്യശക്തികളും കപടസോഷ്യലിസ്റ്റുകളും കപടവിപ്ലവകാരികളും ഗണ്യമായ സ്വാധീനം ചെലുത്തുന്നുവെന്നും അവരാണ് പാർലമെന്ററി വ്യാമോഹം പരത്തുന്നതെന്നുമാണ് അതിനർത്ഥം. വിപ്ലവം സംഘടിപ്പിക്കുന്നതിനോ, ഒരു വിപ്ലവപ്പാർട്ടിയുടെ നേതൃത്വത്തിൽ അധികാരം പിടിച്ചെടുക്കുന്നതിന് തൊട്ടുമുമ്പേ നിലവിൽ വരേണ്ട വിപ്ലവസ്വഭാവമുള്ള ഒരു മുന്നണി രൂപീകരിക്കുന്നതിനോ ഉള്ള സാഹചര്യം പക്വമായിട്ടില്ല എന്നാണർത്ഥം. മറ്റു രീതിയിൽ പറഞ്ഞാൽ, പാർലമെന്ററി വ്യാമോഹത്തിൽനിന്ന് ജനങ്ങളെ മോചിപ്പിക്കുന്നതിനായി തിരഞ്ഞെടുപ്പിൽ മത്സരിക്കേണ്ടിവരുന്ന, ജനാധിപത്യ പ്രക്ഷോഭണങ്ങളുടെ ഘട്ടത്തിലാണ് നാമിപ്പോഴും നിലകൊള്ളുന്നത്. ഭൂരിപക്ഷം കിട്ടിയാൽ നാം സർക്കാർ രൂപീകരിക്കുകയും വിപ്ലവമുന്നേറ്റങ്ങൾ സൃഷ്ടിച്ചെടുക്കുന്നതിനായി ആ സർക്കാരിനെ സാധ്യമാകുന്ന അളവിൽ ഉപയോഗിക്കുകയും ചെയ്യണം. പോലീസിനെ നിയന്ത്രിച്ചുനിർത്തുകയും മുന്നണിയെ ബഹുജനപ്രക്ഷോഭണത്തിനുള്ള ആയുധമായി ഉപയോഗിക്കുകയും ചെയ്യണം.

ഇതിനാണ് നാം തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നത്. വിപ്ലവത്തിന്റെ സഖ്യകക്ഷികളിൽപ്പെടുന്ന ജനാധിപത്യശക്തികളിലും തൊഴിലാളി-കർഷക-മധ്യവർഗ്ഗത്തിലും നിന്ന് കപട ജനാധിപത്യശക്തികളും കപടസോഷ്യലിസ്റ്റുകളും കപടവിപ്ലവകാരികളും ഒറ്റപ്പെടുന്നതുവരെ, വിപ്ലവപ്പാർട്ടിയുടെ നേതൃത്വത്തിൽ അധികാരം പിടിച്ചെടുക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നതുവരെ, ജനാധിപത്യമുന്നണികൾ സൃഷ്ടിച്ചുകൊണ്ട് മാർക്സിസ്റ്റ്-ലെനിനിസ്റ്റുകൾ തിരഞ്ഞെടുപ്പിൽ മത്സരിക്കുമെന്നാണ് മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തം പറയുന്നത്.

(ഐക്യമുന്നണി സർക്കാരിന്റെ പ്രവർത്തനത്തിൽ ഇടതുപക്ഷ അവസരവാദത്തിന്റെ സ്വാധീനമെന്ന അപകടം–ശിബ്ദാസ്ഘോഷ് –സമാഹൃത കൃതികൾ(ഇംഗ്ലീഷ്) വോള്യം 4)



ശിബ്ദാസ് ഘോഷ്

● വിപ്ലവം സഫലമാകാത്തിടത്തോളം കാലം, ജനങ്ങൾക്ക് തിരഞ്ഞെടുപ്പുകൾ ആവശ്യമുണ്ടായാലും ഇല്ലെങ്കിലും, ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും അവർ അതിലേക്കു വലിച്ചിഴയ്ക്കപ്പെടും, അതിൽ പങ്കാളികളാകും. തിരഞ്ഞെടുപ്പുകൾ ആവശ്യമില്ലെന്ന് ജനങ്ങൾ മനസ്സിലാക്കുകയും അവരൊന്നാകെ സംഘടിതരാകുകയും സംഘടിതമായിത്തന്നെ തിരഞ്ഞെടുപ്പ് ബഹിഷ്കരിക്കുകയും നിഷേധാത്മകത വെടിഞ്ഞ് ഉറപ്പോടെ അധികാരം പിടിച്ചെടുക്കുന്ന ഘട്ടമെത്തുകയും "ഇനിമേൽ തിരഞ്ഞെടുപ്പുകൾ വേണ്ട; അധികാരം പിടിച്ചെടുക്കുക" എന്ന നിലപാടെടുക്കുകയും ചെയ്യുക എന്നതാണ് വിപ്ലവത്തിന്റെ അർത്ഥം. തിരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുക എന്നത് നിഷ്ഫലവും അനാവശ്യവുമാകുക ആ ഘട്ടത്തിൽ മാത്രമാണ്. അല്ലാത്തിടത്തോളം, ജനങ്ങൾ തിരഞ്ഞെടുപ്പുകളിൽ വീണ്ടും വീണ്ടും കുടുങ്ങും.

ജനങ്ങളോടൊപ്പം നിലകൊള്ളുന്നതിനായി യഥാർത്ഥ വിപ്ലവകാരികൾക്കും തിരഞ്ഞെടുപ്പുകളിൽ പങ്കെടുക്കേണ്ടതായിവരും. വിഭാഗീയമായ സത്യവാദം(Truism) പിന്തുടരുന്നവരും വിപ്ലവരാഷ്ട്രീയം അനുവർത്തിക്കാത്തവരും മാത്രമാണ് അതിൽ പങ്കെടുക്കാതെ മാറി നില്ക്കുക; അല്ലെങ്കിൽ എല്ലാവർക്കുമതിൽ പങ്കെടുക്കേണ്ടിവരും. പക്ഷെ, തിരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുന്ന എല്ലാവർക്കും ഒരേ വീക്ഷണഗതിയാണെന്ന് അതിനർത്ഥമുണ്ടോ? പുറമേനിന്ന് നോക്കുമ്പോൾ എല്ലാവരും തിരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുന്നു; യഥാർത്ഥ വിപ്ലവകാരികളായ നമ്മളും സോഷ്യൽ ഡെമോക്രാറ്റുകളും സത്യസന്ധരും തട്ടിപ്പുകാരും ബൂർഷ്വാ പാർട്ടികളും കപടസോഷ്യലിസ്റ്റുകളും എല്ലാം അതിലുണ്ട് – പുറമേ നിന്നു വീക്ഷിക്കുമ്പോൾ എല്ലാവരും ഒരുപോലെ കാണപ്പെടുന്നു. തങ്ങൾ മാത്രം ശരിയെന്നും എതിർകക്ഷികളെല്ലാം തെറ്റാണെന്നും ഓരോരുത്തരും കരുതുന്നു. അതുകൊണ്ട്, എതിരാളികളെ പരാജയപ്പെടുത്താനുള്ള ഏതടവും ന്യായീകരിക്കപ്പെടുന്നു; കാരണം, തങ്ങൾ ശരിയാണ്. ഇതാണു വാദഗതിയെങ്കിൽ വിപ്ലവകാരികളും ബൂർഷ്വാസിയും തമ്മിൽ വീക്ഷണത്തിൽ യാതൊരു വ്യത്യാസവുമില്ല. നിങ്ങളുടെ സമീപനം തെറ്റാണെന്ന് ആഴത്തിലുള്ള ഒരു വിശകലനം തെളിയിക്കും...

എങ്ങനെയെങ്കിലും പരമാവധി സീറ്റുകൾ നേടി അധികാരത്തിലെത്തുക എന്നതാണ് ബൂർഷ്വാ പാർട്ടികളുടെ ലക്ഷ്യം. അധികാരം നേടിക്കഴിഞ്ഞാൽ നിലവിലുള്ള വ്യവസ്ഥിതിയെ നിലനിറുത്തുന്നതിനായി അവർ ചില പരിഷ്ക്കരണ നടപടികൾ കൊണ്ടുവരികയും കപടമായ മുദ്രാവാക്യങ്ങളുയർത്തുകയും ചെയ്യും. പുരോഗമന മേലങ്കി അണിഞ്ഞ് പ്രചാരണങ്ങൾ നടത്തുക, നിലവിലുള്ള വ്യവസ്ഥിതിയെ നിലനിർത്തിക്കൊണ്ടു പോകുന്നതിനായി കഴിയുന്നത്രകാലം ജനങ്ങളെ പറ്റിക്കുക – ഇതാണവരുടെ ലക്ഷ്യം. അതുകൊണ്ട്, ഏത് കുത്സിതമാർഗ്ഗത്തിലൂടെയും തിരഞ്ഞെടുപ്പിൽ പരമാവധിസീറ്റുകൾ ഒപ്പിച്ചെടുക്കുക എന്നതായിരിക്കും അവരുടെ പദ്ധതി...

നേരെമറിച്ച്, വിപ്ലവകരമായ ലക്ഷ്യബോധത്തോടെ, ജനങ്ങളോടൊപ്പം നിലകൊള്ളുക എന്ന ആവശ്യകതയാൽ പ്രചോദിതരായി, ജനകീയമായ വിപ്ലവരാഷ്ട്രീയ ലൈനിന്റെ അടിസ്ഥാനത്തിലാണ് തൊഴിലാളിവർഗത്തിന്റെ പാർട്ടി തിരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുന്നത്. സീറ്റുകൾ നേടാൻ പരമാവധി ശ്രമിക്കും. എന്നാൽ എങ്ങനെയെങ്കിലും സീറ്റുകൾ നേടുക എന്നതായിരിക്കില്ല ഒരിക്കലും അതിന്റെ ലക്ഷ്യം. ജനകീയമായ വിപ്ലവലൈനിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതെങ്ങനെയെന്ന് ജനങ്ങളെ പഠിപ്പിക്കുകയാണ് വിപ്ലവപ്പാർട്ടിയുടെ ഉന്നം. അങ്ങനെ ചെയ്യുന്നതുവഴി പരമാവധിസീറ്റുകളിൽ വിജയിക്കാൻ കഴിഞ്ഞാൽ നല്ലതുതന്നെ. ഒരൊറ്റ സീറ്റുപോലും നേടാൻ കഴിഞ്ഞില്ലെങ്കിലും എത്ര സീറ്റുകൾ നിലനിർത്താൻ കഴിഞ്ഞാലും അങ്ങനെ തന്നെ. എന്നാൽ, എങ്ങനെയെങ്കിലും കുറച്ചു സീറ്റുകൾ ഒപ്പിക്കുക എന്നതല്ല ഒരിക്കലും ലക്ഷ്യം.

തിരഞ്ഞെടുപ്പിൽ ജനങ്ങളിലേക്കെത്തിക്കേണ്ട ജനകീയമായ പ്രവർത്തനരീതിയും വിപ്ലവകരമായ രാഷ്ട്രീയ ലൈനും എന്താണോ അത് ജനങ്ങളിലെത്തിക്കണം. വിപ്ലവകാരികൾ തിരഞ്ഞെടുപ്പിൽ മത്സരിക്കുകയാണെങ്കിൽ വിപ്ലവരാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ, ജനതാല്പര്യത്തിന്റെ വീക്ഷണകോണിൽ നിന്നായിരിക്കണം അതു ചെയ്യേണ്ടത്. ലഭിക്കുന്ന സീറ്റുകൾ എത്രയായാലും, വാദത്തിനുവേണ്ടി എല്ലാം നേടി എന്നുകരുതിയാലും ഈ ലൈനിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം അതു നേടിയത്. ഒരു സന്ദർഭത്തിലും ഈ ലൈൻ കൈവിടരുത്. അതിനു പകരം, 'എതിരാളിയെ പരാജയപ്പെടുത്താൻ കഴിയുന്നതെന്തും ചെയ്യുക' എന്ന വാദമുയർത്തിയാൽ നിങ്ങളും, തിരഞ്ഞെടുപ്പിൽ ജയിക്കാൻ ബൂർഷ്വാസി ഉപയോഗിക്കുന്ന അതേ മാർഗ്ഗവും കൗശലവും തന്നെയാകും പിന്തുടരുന്നത്.

(തൊഴിലാളിവർഗ്ഗ പ്രക്ഷോഭണത്തിൽ ഐക്യം നിലനിർത്തുന്നതിനെയും വിപ്ലവനേതൃത്വം സ്ഥാപിച്ചെടുക്കുന്നതിനെയും പറ്റി –ശിബ്ദാസ് ഘോഷ് –സമാഹൃത കൃതികൾ (ഇംഗ്ലീഷ്) വോള്യം 4)

---

(9–ാം പേജിൽ നിന്ന്)

മന്ദറിൽ ധർണ്ണ നടത്തിയ ഗുസ്തി താരങ്ങളെയും അവരുടെ സുഹൃത്തുക്കളെയും ബലപ്രയോഗത്തിലൂടെ പുറത്താക്കുകയാണ് ഡൽഹി പോലീസ് ചെയ്തത്. കർണ്ണാടകയിലെ മുൻ ബിജെപി മുഖ്യമന്ത്രി ബി.എസ്. യദ്യൂരപ്പക്കെതിരെ ആയിരം കോടിയുടെ ഖനന അഴിമതി ആരോപണമുണ്ടായിട്ടുണ്ട്. കർണ്ണാടകയിലെ കുപ്രസിദ്ധരായ റെഡ്ഡി സഹോദരങ്ങളുമായുള്ള അദ്ദേഹത്തിന്റെ അടുപ്പം അങ്ങാടിപ്പാട്ടാണ്. അഴിമതിയുടെ വ്യക്തത കാരണം ബിജെപിക്കു തന്നെ ടിയാനെതിരെ കേസെടുക്കേണ്ട അവസ്ഥ ഉണ്ടായി. എന്നാൽ അതും മരവിപ്പിച്ചു.

ബിജെപി ഭരിക്കുമ്പോഴാണ് മധ്യപ്രദേശിൽ കുപ്രസിദ്ധമായ വ്യാപം കുംഭകോണം നടക്കുന്നത്. ഭരണത്തിന്റെ തലപ്പത്തുള്ള വരുടെ കേസായതിനാൽ അതും ഒതുക്കിത്തീർത്തു. ബിജെപി നേതാക്കളെ എങ്ങനെയാണ് സർക്കാർ സംവിധാനങ്ങൾ സംരക്ഷിക്കുന്നത് എന്നതിന്റെ ചില ഉദാഹരണങ്ങൾ മാത്രമാണിവ. ഇതൊരു "വ്യത്യസ്തമായ പാർട്ടി" തന്നെ!

### ഉപസംഹാരകുറിപ്പ്

വളരെയധിം കൊട്ടിഘോഷിച്ചുകൊണ്ട് രൂപീകരിച്ച ഇന്ത്യാ സഖ്യം തളർച്ചയിലാണെന്നാണ് കാണുന്നത്. ആര് ആരുടെ കൂടെയാണെന്ന് ആർക്കും അറിയില്ല. ബിജെപിയെ അകറ്റി നിർത്താനുള്ള സീറ്റ് വിഭജനമല്ലാതെ സഖ്യത്തിന് വേറെ അജണ്ട ഒന്നുമില്ല. ചില ഘടക കക്ഷികൾ സഖ്യം ഉപേക്ഷിച്ചു. മറ്റു ചിലർ അതിനുള്ള തയ്യാറെടുപ്പിലാണ്. ബിജെപി നേതൃത്വം നൽകുന്ന എൻഡിഎ അവർക്കായി ചുവന്ന പരവതാനി വിരിച്ച് കാത്തിരിക്കുകയാണ്. മറ്റ് പാർട്ടികളിൽനിന്നും കുടിയേറുന്നവരെ അധിവസിപ്പിക്കുന്നതിൽ പിണക്കമുള്ള ബിജെപിയിലെ പ്രവർത്തകരെ അനുനയിപ്പിക്കാൻ അമിത്ഷാ ഇപ്രകാരം പറഞ്ഞുവത്രേ. "അധികാരത്തിൽ തുടരാനായി ഉൾപ്രവാഹവും അനിവാര്യമാണ്." മറ്റുള്ളവരിൽ നിന്നും വ്യത്യസ്ഥരാണെന്ന് സ്വയം വിശേഷിപ്പിക്കുന്ന ബിജെപിയുടെ സവിശേഷത ഇവിടെയാണ് വ്യക്തമാകുന്നത്!

പോരാടുന്ന ഒരു യോജിച്ച ഇടതു പ്രസ്ഥാനത്തിന് ബിജെപിയുടെ ഏറ്റവും നികൃഷ്ടമായ രാഷ്ട്രീയത്തിനും ഫാസിസ്റ്റ് ഏകാധിപത്യത്തിനും ബീഭത്സമായ വളർച്ചക്കും ബദലാകുവാൻ കഴിഞ്ഞേനെ. എന്നാൽ, എവ്വിധേനയുള്ള ഹീനമാർഗ്ഗത്തിലൂടെയും ഏതാനും സീറ്റുകൾ നേടിയെടുക്കാനായി കോൺഗ്രസ്സിനെയും മറ്റ് കക്ഷികളെയും ആശ്രയിച്ചിരിക്കുന്ന പ്രായോഗിക പ്രവർത്തനത്തിൽ മുഴുകിക്കൊണ്ട് അധികാരത്തിന്റെ ഇടനാഴിയിൽ നിലകൊള്ളാനാണവർ ശ്രമിക്കുന്നത്. ഈ പ്രായോഗിക രാഷ്ട്രീയം പേറുന്ന സിപിഐ(എം)ഉം അവരുടെ സഖ്യകക്ഷികളും ആവർത്തിച്ചുള്ള നമ്മുടെ അഭ്യർത്ഥന ചെവിക്കൊള്ളുന്നില്ല.

ശക്തമായ പോരാട്ടത്തിന്റെ ഒരു ഇടതുപക്ഷ ബദൽ ശക്തമാകാത്തിടത്തോളം ബിജെപിയും കൂട്ടരും അചഞ്ചലമായി നിലകൊള്ളും. ശരിയായ വിപ്ലവ പ്രത്യയശാസ്ത്രത്തിന്റെയും നേതൃത്വത്തിന്റെയും അടിസ്ഥാനത്തിൽ മുതലാളിത്ത ചൂഷണത്തിനെതിരെയും അതിന്റെ സേവകരായ ബിജെപിക്കും കൂട്ടാളികൾക്കെതിരെയും ജനങ്ങളുടെ സ്വന്തം രാഷ്ട്രീയ അധികാരമെന്ന നിലയിൽ ബഹുജന സമരങ്ങൾ പടുത്തുയർത്താനായി ശക്തമായ ബഹുജന കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുന്നതുവരെ അവർ ദുർഭരണം തുടരും. ■

(ഉറവിടം: 1.ആനന്ദബസാർ പത്രിക, 2. ദ ടെലഗ്രാഫ് 3. ഹിന്ദുസ്ഥാൻ ടൈംസ് 4. ദി വയർ 5. ദ ക്വിൻ്റ്)

# നിയമന നിരോധനവും തൊഴിലിനുവേണ്ടി പൊരുതുന്ന കേരളീയ യുവത്വവും

**സെക്രട്ടേറിയറ്റിനു മുന്നിൽ സിവിൽ പോലീസ് റാങ്ക് ഹോൾഡേഴ്സ് നടത്തുന്ന അനിശ്ചിതകാല സമരം ഈ ലേഖനമെഴുതുമ്പോഴും തുടരുകയാണ്. നാൽപ്പതു ദിവസം പിന്നിടുമ്പോഴും തൊഴിൽരഹിതരായ പതിനായിരത്തോളം വരുന്ന യുവാക്കളുടെ സ്ഥിരംതൊഴിൽ എന്ന തികച്ചും ന്യായമായ ആവശ്യം അംഗീകരിക്കുവാൻ സർക്കാർ തയ്യാറായിട്ടില്ല. മുട്ടിലിഴഞ്ഞും തല മുണ്ഡനംചെയ്തും ഐസ് വെള്ളത്തിൽ കിടന്നുമൊക്കെ സ്വയം പീഡിപ്പിച്ച്, സർക്കാരിന്റെ ദയയ്ക്കുവേണ്ടി യുവാക്കൾ യാചിച്ചു സമരം ചെയ്യുന്നു. എന്നാൽ, നിയമന നിരോധനമെന്നത് നയമായി പ്രഖ്യാപിച്ചിട്ടുള്ള എൽഡിഎഫ് സർക്കാർ, സമരംചെയ്യുന്ന ചെറുപ്പക്കാരുടെ പ്രശ്നങ്ങൾ കേൾക്കുവാൻപോലും തയ്യാറാകുന്നില്ല. സിപിഒ ഉദ്യോഗാർത്ഥികൾ മാത്രമല്ല, നഴ്സിംഗ് ഓഫീസർ, പ്രീ പ്രൈമറി റാങ്ക് ഹോൾഡേഴ്സ് അടക്കമുള്ള കേരളത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾ തൊഴിലിനുവേണ്ടി നിരന്തരം സമരം ചെയ്യേണ്ട ഗതികേടിലാണ്.**

**കേ**ന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ട്മെന്റിന്റെ 2023 ഡിസംബറിലെ കണക്കനുസരിച്ച് കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 10.3 ആണ്. അനുദിനമെന്നോണം തൊഴിൽരഹിതരുടെ എണ്ണം വർദ്ധിക്കുമ്പോഴുംതൊഴിൽസൃഷ്ടിക്കുവാനുള്ളയാതൊരു നടപടിയും സർക്കാർ കൈക്കൊള്ളുന്നില്ല. ആനുകാലിക ലേബർ ഫോഴ്സ് സർവേ (PLFS) പ്രകാരം കേരളത്തിലെ യുവജനങ്ങളിൽ (15 മുതൽ 29 വയസ്സ് വരെ) ഗ്രാമപ്രദേശങ്ങളിൽ 44.7 ശതമാനവും നഗരപ്രദേശങ്ങളിൽ 42.8 ശതമാനം സ്ത്രീകളും തൊഴിലില്ലാത്തവരാണ്.

2024ലെ സംസ്ഥാന ബജറ്റിനു മുന്നോടിയായി പുറത്തുവിട്ട സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്നത്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകരുടെ എണ്ണത്തിൽ കുറവ് വന്നിരിക്കുന്നു എന്നാണ്. 2015 ൽ 34. 9 ലക്ഷമായിരുന്നത്, 2024 ൽ 28.4 ലക്ഷമായി കുറഞ്ഞുവെന്നാണ് സർക്കാരിന്റെ കണക്ക്. ഈ കണക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് തൊഴിലില്ലായ്മയിൽ കുറവ് വന്നിരിക്കുന്നുവെന്ന് സർക്കാർ അവകാശവാദം ഉന്നയിക്കുന്നു. എന്നാൽ, വസ്തുതയെന്താണ്? എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള നിയമനങ്ങൾ വലിയ തോതിൽ വെട്ടിക്കുറയ്ക്കുകയും താൽക്കാലിക, കരാർ നിയമനങ്ങൾ ഭരണപ്പാർട്ടികൾ സ്വന്തം നിലയ്ക്ക് പിൻവാതിലിലൂടെ നടത്തുകയും ചെയ്യുന്നു. പിൻവാതിൽ നിയമനങ്ങളുടെ എത്രയോ കണക്കുകൾ ഇതിനോടകം മാധ്യമങ്ങളിലൂടെ പുറത്തുവന്നു കഴിഞ്ഞു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിലിനു കാത്തിരിക്കുന്ന യുവജനങ്ങളെ വഞ്ചിക്കുന്ന നടപടിയാണ് സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നത്. അതുമാത്രമല്ല, 1982 മുതൽ തൊഴിൽരഹിതർക്ക് നൽകിവന്നിരുന്ന അലവൻസ് വർദ്ധിപ്പിക്കുവാൻ സർക്കാർ തയ്യാറാകുന്നില്ല. പ്രതിമാസം വെറും 120 രൂപ മാത്രമാണ് തൊഴിലില്ലായ്മ വേതനമെന്ന നിലയിൽ കൊടുക്കുന്നത്. എന്നു പറഞ്ഞാൽ, പ്രതിദിനം 4 രൂപ. ഇത്രയും അപമാനകരമായ സാഹചര്യത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 28.4 ലക്ഷം യുവജനങ്ങൾ പേര് രജിസ്റ്റർ ചെയ്ത് തൊഴിലിന് കാത്തിരിക്കുന്നുവെന്നത് തൊഴിലില്ലായ്മയുടെ രൂക്ഷതയെയാണ് കാണിക്കുന്നത്.

2.5 ലക്ഷം പേരാണ് പ്രൊഫഷണൽ, സാങ്കേതിക യോഗ്യതയുള്ള തൊഴിലിനുവേണ്ടി രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിൽ 63.7 ശതമാനവും ഐടിഐ, ഡിപ്ലോമ, എഞ്ചിനീയറിംഗ് ബിരുദധാരികളായ തൊഴിലന്വേഷകരാണ്. 45,932 എഞ്ചിനീയറിംഗ് ബിരുദധാരികളും, 8,308 മെഡിക്കൽ ബിരുദധാരികളും 1,81,757 എൽഎൽബിയടക്കമുള്ള മറ്റ് പ്രൊഫഷണൽ ബിരുദധാരികളും പേര് രജിസ്റ്റർ ചെയ്ത് തൊഴിലിനുവേണ്ടി കാത്തിരിക്കുന്നവരിലുണ്ട്. എന്നാൽ, സർക്കാർ, പിഎസ്സി വഴി സ്ഥിര നിയമനമോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനമോ നടത്തില്ല എന്ന നയവുമായി മുന്നോട്ട് പോകുകയാണ്.




പിഎസ്സി ലിസ്റ്റിലുള്ളവരെ സ്റ്റാഫ് ഫിക്സേഷൻ നടത്തി ഉടൻ നിയമിക്കുക, പ്രീപ്രൈമറിയെ കേരള സർവ്വീസ് റൂളിൽ ഉൾപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രീ പ്രൈമറി റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ സെക്രട്ടേറിയറ്റിനു മുന്നിൽ സംഘടിപ്പിച്ച പ്രതിഷേധ ധർണ എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് ഉദ്ഘാടനം ചെയ്യുന്നു.

## 'എന്റെ തൊഴിൽ, എന്റെ അഭിമാനം' പദ്ധതിയിലെ തട്ടിപ്പ്

2022 മെയ് 9 ന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ് 'എന്റെ തൊഴിൽ, എന്റെ അഭിമാനം'. സംസ്ഥാനത്തെ മനുഷ്യവിഭവശേഷിക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി തുടക്കമിട്ട കേരള നോളജ് എക്കണോമി മിഷന്റെ 'എന്റെ തൊഴിൽ, എന്റെ അഭിമാനം' പദ്ധതിയിലൂടെ ആദ്യത്തെ ഒരു വർഷംകൊണ്ട് ഒരു ലക്ഷം തൊഴിലുകളും 5 വർഷംകൊണ്ട് 20 ലക്ഷം തൊഴിലുകളും സൃഷ്ടിക്കുമെന്നായിരുന്നു വാഗ്ദാനം. അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയായിരുന്ന എം.വി.ഗോവിന്ദൻ ചെങ്ങന്നൂർ ഐഎച്ച്ആർഡി കോളേജിൽ പദ്ധതി ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രഖ്യാപിച്ചത് കേട്ടാൽ, ഒരാളും കേരളം വിട്ട് യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് പോകില്ലായിരുന്നു. അത്രയ്ക്ക് മധുരോദാരമായ വാഗ്ദാനങ്ങളായിരുന്നു തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് മന്ത്രി നൽകിയത്. "അടുത്ത നാലു വർഷത്തിനുള്ളിൽ കെ-ഡിസ്കുമായി ചേർന്ന് 20 ലക്ഷം പേർക്ക് തൊഴിൽ നൽകാൻ സാധിക്കും. കേരളത്തിലെ വൈജ്ഞാനിക സമ്പത്ത് മൂലധനമാക്കിയാകും ഇതു സാധ്യമാക്കുക. കേരളത്തിലെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യത്തിലേക്കാണ് നാം മുന്നേറുന്നത്. അത് കേരളത്തിന്റെ ചരിത്രത്തിലെ പുതിയൊരു അധ്യായമായിരിക്കും". എന്നാൽ, വാഗ്ദാനങ്ങൾ ജലരേഖകളാണെന്ന് ഒരിക്കൽ കൂടി തെളിയിക്കപ്പെട്ടു. പുതുതായി ഒരു തൊഴിലുപോലും 'എന്റെ തൊഴിൽ, എന്റെ അഭിമാനം' പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെട്ടില്ല.

## അതിരൂക്ഷമായ തൊഴിലില്ലായ്മയും വിദേശ കുടിയേറ്റവും

രാജ്യമെമ്പാടും നിലനിൽക്കുന്ന അതിരൂക്ഷമായ തൊഴിലില്ലായ്മ യുവജനങ്ങളെ കുടിയേറ്റത്തിന് പ്രേരിപ്പിക്കുന്ന പ്രധാന ഘടകമാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ വളരെക്കൂടുതലുള്ള കേരളത്തിൽനിന്നും വൻതോതിലാണ് യുവതി-യുവാക്കൾ നാടുവിടുന്നത്. വിദ്യാഭ്യാസത്തിനായി പോകുന്നവർ പാർട്ട്ടൈം ജോലി ചെയ്ത് ജീവിതം കരുപ്പിടിപ്പിക്കുവാനാണ് ശ്രമിക്കുന്നത്. വിദേശത്തുള്ള ഇന്ത്യൻ വിദ്യാർത്ഥികളുടെ എണ്ണം 2012ൽ 40 ലക്ഷമായിരുന്നു. 2025ൽ അത് 75 ലക്ഷം കവിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വർഷം ഫെബ്രുവരിയിൽ പാർലമെന്റിൽ വിദ്യാഭ്യാസ വകുപ്പ് സഹമന്ത്രി സുഭാഷ് സർക്കാർ സമർപ്പിച്ച കണക്കുകൾ പ്രകാരം വിദേശത്ത് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ 68% വർധനവുണ്ട്. 2021ൽ 4,44,553 ആയിരുന്നത് 2022ൽ 7,50,365 ആയി ഉയർന്നു. വിദേശത്ത് പോകുന്നവർ ഇന്ത്യയിലേയ്ക്കു മടങ്ങി വരാതെ അതത് രാജ്യങ്ങളിലെ പൗരത്വം സ്വീകരിക്കുന്ന പ്രവണതയും ഏറി വരുന്നു. സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ച് സെന്റർ യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് കുടിയേറിയ മലയാളികൾക്കിടയിൽ നടത്തിയ സർവ്വേയിൽ താഴെ പറയും പ്രകാരമുള്ള റിസൽട്ടാണ് ലഭിച്ചത്. 8% പേർ പെർമനന്റ് റെസിഡൻസി(PR) കൈവശം വച്ചിട്ടുണ്ട്. 72% പേർ പിആറിന് അപേക്ഷിക്കാൻ താൽപ്പര്യപ്പെടുന്നു, ബാക്കിയുള്ളവർക്ക് പിആറിൽ താൽപ്പര്യമില്ല. തൃപ്തികരമായ വരുമാനമുള്ള ജോലി ലഭിച്ചാൽ 55% പേർ കേരളത്തിലേക്ക് മടങ്ങാൻ തയ്യാറാണ്. 24% പേർ വിദേശത്ത് തുടരാൻ താൽപ്പര്യപ്പെടുന്നു, ശേഷിക്കുന്നവർക്ക് തീരുമാനം എടുക്കാൻ സാധിക്കുന്നില്ല. ഈ റിപ്പോർട്ടുകളെല്ലാം വിരൽ ചൂണ്ടുന്നത് തൊഴിലില്ലായ്മയുടെ ഭയാനകതയിലേയ്ക്കാണ്.

## സ്ഥിരം തൊഴിൽ അവകാശമാണ്

സ്ഥിരം തൊഴിൽ സമ്പ്രദായം അവസാനിപ്പിച്ച് കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച നിശ്ചിതകാല തൊഴിൽ സമ്പ്രദായം തൊഴിലാളികളുടെയും തൊഴിലന്വേഷകരുടെയും ജീവിതത്തിൽ വലിയ അനിശ്ചിതത്വമാണ് സൃഷ്ടിച്ചിരിക്കുന്നത്. തൊഴിൽ സുരക്ഷിതത്വവും സേവന-വേതന വ്യവസ്ഥകളും തൊഴിൽ മേഖലയിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. തൊഴിലാളികൾ ദീർഘകാലം പൊരുതി നേടിയ 8 മണിക്കൂർ ജോലിയെന്ന അവകാശം കവർന്നെടുക്കപ്പെടുന്നു. കോർപ്പറേറ്റുകൾക്കുവേണ്ടി ഹയർ ആന്റ് ഫയർ എന്ന രീതി തൊഴിൽ മേഖലയിൽ നടപ്പിലാക്കുകയാണ് മോദി സർക്കാർ. തൊഴിൽ മേഖലയിൽ നവ ഉദാരവത്ക്കരണ നയങ്ങൾ തീവ്രമായി നടപ്പാക്കുന്ന കേന്ദ്ര സർക്കാർ, യുവജനങ്ങളെ കൈയൊഴിഞ്ഞിരിക്കുന്നു. കേന്ദ്ര സർക്കാർ സർവ്വീസിലെ 10 ലക്ഷം ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുന്നു. സ്ഥിരം തൊഴിൽ നിർത്തലാക്കുന്നതിന്റെ ഭാഗമായാണ് നിയമനങ്ങൾ മരവിപ്പിച്ചിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റും കേന്ദ്രനയങ്ങളുടെ ചുവടുപിടിച്ചാണ് നിയമന നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. സർക്കാർ സർവ്വീസിൽ, അവകാശങ്ങൾ ഒന്നുമില്ലാത്ത കരാർ, താൽക്കാലിക നിയമനങ്ങൾ വ്യാപിക്കുമ്പോൾ, സ്വകാര്യ മേഖലയിൽ ചൂഷണം ശക്തിപ്പെടും. മാതൃകാ തൊഴിൽ ദാതാവെന്ന നിലയിൽ സർക്കാരാണ് തൊഴിലവകാശങ്ങൾ തൊഴിലാളികൾക്ക് ആദ്യം നൽകേണ്ടത്. എങ്കിൽ മാത്രമേ, സ്വകാര്യ മേഖലയിൽ തൊഴിലവകാശങ്ങൾ ഉറപ്പുവരുത്താനാകൂ. സ്വിഗ്ഗി, സൊമാറ്റോ പോലുള്ള ബഹുരാഷ്ട്ര കുത്തകകൾ അവരുടെ തൊഴിലാളികളെ (ഫുഡ് ഡെലിവറി പാർട്ട്ണർ എന്നാണ് ഓമനപ്പേര് ) ചൂഷണം ചെയ്യുന്നത് കൺമുന്നിലുള്ള ഉദാഹരണമാണ്. അതുകൊണ്ട് സ്ഥിരം തൊഴിൽ എന്ന അവകാശത്തിനു വേണ്ടി പിഎസ്സി ഉദ്യോഗാർത്ഥികളും സ്വകാര്യ മേഖലയിൽ പണിയെടുക്കുന്ന യുവജനങ്ങളും ഒരുമിച്ചുനിന്ന് പ്രക്ഷോഭം വളർത്തിയെടുക്കണം. ■

## ജയ്സൺ ജോസഫ് 'യൂണിറ്റി' ചീഫ് എഡിറ്റർ

'**യൂ**ണിറ്റി' മാസികയുടെ ചീഫ് എഡിറ്ററായിരുന്ന ഡോ.വി.വേണുഗോപാലിന്റെ നിര്യാണത്തെ തുടർന്ന് എസ്യുസിഐ(സി) സംസ്ഥാന കമ്മിറ്റി സഖാവ് ജയ്സൺ ജോസഫിനെ പുതിയ ചീഫ് എഡിറ്ററായി തിരഞ്ഞെടുത്തു.

എസ്യുസിഐ(സി) സംസ്ഥാന സെക്രട്ടറിയും കേന്ദ്രകമ്മിറ്റി അംഗവുമായ ജയ്സൺ ജോസഫ് 1988 മുതൽ 'യൂണിറ്റി' എഡിറ്റോറിയൽ കമ്മിറ്റി അംഗമായി പ്രവർത്തിച്ചു വരികയാണ്. ■

REGISTERED.
R.N. 24773/1992

# UNITY

Malayalam Monthly

2024 April
Price: Rs. 10.00

## സിദ്ധാർഥിന്റെ കൊലയാളികൾക്ക് കർശന ശിക്ഷ ഉറപ്പാക്കുക

# വിദ്യാർഥി–യുവജന–വനിതാ സംഗമം

**പൂ**ക്കോട് വെറ്ററിനറി കോളേജ് വിദ്യാർത്ഥി സിദ്ധാർഥിന്റെ കൊലയാളികൾക്ക് കർശന ശിക്ഷ ഉറപ്പാക്കണമെന്നാവശ്യപ്പെട്ട് എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റി സെക്രട്ടേറിയറ്റിന് മുന്നിൽ വിദ്യാർഥി-യുവജന-വനിതാ സംഗമം സംഘടിപ്പിച്ചു. എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഡോ.എസ്.അലീന അധ്യക്ഷത വഹിച്ച യോഗം സാഹിത്യകാരനും സാംസ്കാരികപ്രവർത്തകനുമായ പ്രൊഫ.വിശ്വമംഗലം സുന്ദരേശൻ ഉദ്ഘാടനം ചെയ്തു. ക്യാമ്പസുകളിൽ ഇടിമുറികൾ സൃഷ്ടിച്ചു കൊണ്ടാണ് എസ്എഫ്ഐ അവരുടെ കോട്ടകൾ പണിയുന്നത്. വിദ്യാർത്ഥികളെ നിശബ്ദരാക്കുകയും അരാഷ്ട്രീയവത്ക്കരിക്കുകയുമാണ് ഇതിലൂടെ ചെയ്യുന്നത്. ഇത് ഇടതുപക്ഷ നയമല്ല. ആരോഗ്യകരമായ രാഷ്ട്രീയ അന്തരീക്ഷം ക്യാമ്പസുകളിൽ ഉറപ്പാക്കുവാൻ ജനാധിപത്യ വിശ്വാസികൾ മുൻകൈയെടുക്കണം-പ്രൊഫ.വിശ്വമംഗലം സുന്ദരേശൻ അഭിപ്രായപ്പെട്ടു.

ഡോ.കെ.ജി.താര മുഖ്യപ്രസംഗം നടത്തി. എസ്എഫ്ഐയുടെ ജനാധിപത്യവിരുദ്ധമായ പ്രവർത്തനങ്ങൾ അവസാനിപ്പിക്കണമെങ്കിൽ മാതൃസംഘടനയായ സിപിഐ(എം) സ്വയംതിരുത്തേണ്ടതുണ്ടെന്ന് അവർ പറഞ്ഞു. വിദ്യാർത്ഥി കാലഘട്ടത്തിൽ യൂണിവേഴ്സിറ്റി കോളേജിലെ എസ്എഫ്ഐയുടെ ക്രിമിനൽ പ്രവർത്തനങ്ങളിൽ മനസ്സുമടുത്താണ് സജീവ രാഷ്ട്രീയപ്രവർത്തനം അവസാനിപ്പിച്ചത്. എന്നാൽ ജനാധിപത്യപരമായ രാഷ്ട്രീയം ശക്തിപ്പെടുത്താനുള്ള സമരരംഗത്ത് സജീവമായി നിലകൊള്ളുമെന്നും ഡോ.കെ.ജി.താര പ്രഖ്യാപിച്ചു.




സെക്രട്ടറിയേറ്റിന് മുന്നിൽ നടന്ന സംഗമത്തിൽ പ്രൊഫ. വിശ്വമംഗലം സുന്ദരേശൻ സിദ്ധാർഥിന്റെ ചിത്രത്തിനു മുന്നിൽ പുഷ്പങ്ങളർപ്പിക്കുന്നു.

ആൾ ഇന്ത്യാ സേവ് എഡ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന വൈസ് പ്രസിഡന്റ് എം.ഷാജർഖാൻ, ആൾ ഇന്ത്യാ മഹിളാസാംസ്കാരിക സംഘടന സംസ്ഥാന പ്രസിഡന്റ് സൗഭാഗ്യകുമാരി, കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന രക്ഷാധികാരി കെ.ശൈവപ്രസാദ്, ആൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ്, കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന നേതാവ് എസ്.മിനി, കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി ജില്ലാ നേതാവ് ജയമണി, എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടേറിയറ്റംഗം ആർ. ജതിൻ, ജില്ലാ സെക്രട്ടറി സാംപോൾ മാത്യു എന്നിവർ സംസാരിച്ചു. എഐഡിഎസ്ഒ സ്ട്രീറ്റ് ബാൻഡിന്റെ സമരഗാനങ്ങളും സംഘചിത്രരചനയും സംഗമത്തിന്റെ ഭാഗമായി നടന്നു. ■



സിദ്ധാർഥിന്റെ കൊലയാളികൾക്ക് കർശനശിക്ഷ ഉറപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കോട്ടയത്ത് എംജി യൂണിവേഴ്സിറ്റി കലോത്സവവേദിക്കുമുന്നിൽ എഐഡിഎസ്ഒ സംഘടിപ്പിച്ച പ്രതിഷേധ സംഗമം.




മുണ്ടക്കയം സർക്കാർ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുക, 24 മണിക്കൂറും ഡോക്ടറുടെ സേവനവും കിടത്തി ചികിത്സയും ആരംഭിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ജനകീയ സമര സമിതിയുടെ ആഭിമുഖ്യത്തിൽ ബസ് സ്റ്റാൻഡിൽ നടന്ന ധർണ്ണയിൽ എൻ.കെ.ബിജു പ്രസംഗിക്കുന്നു.

## വന്യമൃഗ ആക്രമണത്തിന് ശാശ്വത പരിഹാരം ആവശ്യപ്പെട്ട് ദ്വിദിന ജനകീയ സത്യഗ്രഹം

**വ**ന്യമൃഗങ്ങളിൽനിന്നും മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിൽ സർക്കാർ കാണിക്കുന്ന അനാസ്ഥയിലും അവഗണനയിലും പ്രതിഷേധിച്ചുകൊണ്ട് സുൽത്താൻ ബത്തേരി മിനി സിവിൽ സ്റ്റേഷനുമുമ്പിൽ ദ്വിദിന ജനകീയ സത്യാഗ്രഹം നടത്തി. സത്യാഗ്രഹസമരം എഴുത്തുകാരൻ ഒ.കെ.ജോണി ഉദ്ഘാടനം ചെയ്തു. വന്യമൃഗങ്ങൾ നാട്ടിലിറങ്ങി മനുഷ്യരെ ആക്രമിക്കുന്ന സാഹചര്യത്തിന് പരിഹാരം കാണാതെ, രണ്ടോ നാലോ ലക്ഷം രൂപ നഷ്ടപരിഹാരം കൊടുത്ത് ഒതുക്കുന്നതിൽ ഗൂഢാലോചനയുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മനുഷ്യർ കൊല്ലപ്പെടുമ്പോൾ നഷ്ടപരിഹാരത്തിനുള്ള വിലപേശൽ അല്ല, കൊല്ലപ്പെടാനുള്ള സാഹചര്യം ഇല്ലാതാക്കുകയാണ് വേണ്ടത്. മലയോര മേഖലയിൽനിന്നും പാവപ്പെട്ടവരെ തുരത്താൻ വേണ്ടി പ്രവർത്തിക്കുന്ന മാഫിയാസംഘംതന്നെ ഇതിനുപിന്നിലുണ്ട്. കോടികൾ മുടക്കി സ്വന്തം നഴ്സറിയിൽ സെന്ന ചെടി ഉണ്ടാക്കി വനത്തിൽ വച്ചുപിടിപ്പിച്ച വനംവകുപ്പ് തന്നെയാണ് ഇപ്പോൾ വീണ്ടും കോടികൾ മുടക്കി അവ നശിപ്പിക്കാൻ ശ്രമിക്കുന്നത്. കാട്ടാനമനുഷ്യരെകുത്തിക്കൊന്നപ്പോൾ വകുപ്പ്മന്ത്രി 20 കോടി രൂപ കൂടി സെന്ന നശിപ്പിക്കാൻ പ്രഖ്യാപിച്ചത് അപഹാസ്യമാണ്. തേക്കിൻതോട്ടങ്ങളും യൂക്കാലി തോട്ടങ്ങളുമാക്കി വനത്തെ മാറ്റുന്ന വനം വകുപ്പാണ് വലിയ വനം കൈയേറ്റക്കാർ. ജനങ്ങൾ വനം വകുപ്പിന്റെ മനോവീര്യം നഷ്ടപ്പെടുത്തുന്നുവെന്ന് വിലപിക്കുന്ന മന്ത്രി മനസ്സിലാക്കേണ്ടത്, അത് നികുതിദായകരുടെ ഉത്തരവാദിത്തമല്ല എന്നാണെന്നും അദ്ദേഹം പറഞ്ഞു.

വയനാട് ജില്ലാ കർഷക പ്രതിരോധ സമിതി പ്രസിഡണ്ട് ഡോ.ഡി.സുരേന്ദ്രനാഥ് അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി വി.കെ. സദാനന്ദൻ സ്വാഗതം പറഞ്ഞു. അഡ്വ.അബ്ദുൾറഹ്മാൻ കാദിരി മുഖ്യപ്രസംഗം നടത്തി. ഡോ.വി. സത്യാനന്ദൻ നായർ, ഡോ.പി. ലക്ഷ്മണൻ, പ്രൊഫ.കുസുമം ജോസഫ്, വി.കെ.ഹംസ മാസ്റ്റർ, എ.സി.തോമസ്, പ്രേംരാജ് ചെറുകര, പി.പ്രഭാകരൻ നായർ, കരുണാകരൻ വെള്ളക്കെട്ട്, എസ്. രാജീവൻ, കെ.എം.ബീവി, ഗിഫ്റ്റർ പ്രിൻസ്, ദേവസ്യ പുറ്റനാൽ, പ്രേമലത ബാബു, എം.കെ.രാജൻ, പി.കെ. മധു, പി.കെ.ഭഗത് എന്നിവർ പ്രസംഗിച്ചു.

വനാതിർത്തിയിൽ മെറ്റൽ വലയോടുകൂടിയ റെയിൽ ഫെൻസിംഗ് സ്ഥാപിക്കുക, വന്യജീവി സംരക്ഷണ നിയമം-1972 ഭേദഗതി ചെയ്യുക, വന്യമൃഗ ആക്രമണം മൂലം മരണപ്പെടുന്നവരുടെ കുടുംബത്തിന് നഷ്ടപരിഹാരമായി ഒരു കോടി രൂപയും സ്ഥിരം സർക്കാർ ജോലിയും നല്കുക, വനത്തിൽ വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ദ്വിദിന സത്യാഗ്രഹം സംഘടിപ്പിക്കപ്പെട്ടത്. ■




വന്യമൃഗങ്ങളിൽനിന്നും മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്ന് ആവശ്യപ്പെട്ട് സുൽത്താൻ ബത്തേരി മിനി സിവിൽ സ്റ്റേഷനുമുമ്പിൽ ദ്വിദിന സത്യാഗ്രഹം ഒ.കെ.ജോണി ഉദ്ഘാടനം ചെയ്യുന്നു.

## സാർവദേശീയ വനിതാ ദിനം







സ്ത്രീകൾക്ക് അന്തസ്സാർന്ന ജീവിതവും ജീവനോപാധികളും ഉറപ്പാക്കുക, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം തടയുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട്, സാർവദേശീയ വനിതാദിനത്തോടനുബന്ധിച്ച് നടത്തിയ പ്രതിഷേധ വാരാചരണത്തിന്റെ ഭാഗമായി മാർച്ച് 8ന് കോട്ടയത്തു നടന്ന സംഗമത്തിൽ എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി കെ. എം.ബീവി പ്രസംഗിക്കുന്നു. അമ്പലപ്പുഴയിൽ നടന്ന പ്രതിഷേധ പരിപാടിയിൽ എഐഎംഎസ്എസ് സംസ്ഥാന പ്രസിഡന്റ് സൗഭാഗ്യ കുമാരി പ്രസംഗിക്കുന്നു.

Volume: 51 No: 1 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.